(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.8/296/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഫോൺ -0495 2371012
ഇ-മെയിൽ -dokkd.ksad@kerala.gov.in

തീയതി 06.03.2020.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാര നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.8/296/2020 തീയതി 06.03.2020

**കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 21/11/2018 മുതൽ 17-02-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വാസുദേവൻ.എം,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.02.2020 മുതൽ 26.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കരുണാകരൻ. എം, ഓഡിറ്റ് ഓഫീസർ |
| | ഷൈന.എ.കെ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഷാജി.ഇ.കെ, ഓഡിറ്റർ ട്രെയിനി. |
| | വിജേഷ്.കെ.കെ.,ഓഡിറ്റർ. |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | യശോദ, തെങ്ങിട | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ഷിജു.എൽ.എൻ | 01-04-2018 മുതൽ 31-03-2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | അബ്ദുൾ മജീദ്.പി.സി | 01.04.2018 മുതൽ 06.08.2018 വരെ |
| | ഷെൽജ.എ.പി | 06.08.2018 മുതൽ 26.11.2018 വരെ |
| | വിദ്യ.പി | 27.11.2018 മുതൽ 28.12.2018 വരെ |
| | നന്ദിത.വി.പി | 29.12.2018 മുതൽ 31.03..2019 വരെ |
| അസി.സെക്രട്ടറി. | ഷബീന.കെ.പി | 01.04.2018 മുതൽ 31-03-2019 വരെ |
| വെറ്റിനറി സർജൻ. | ഡോ.സുബീഷ്.പി.എം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ.(പി.എച്ച്.സി) | ഡോ.ഷാമിൻ.പി.ആർ | 01.04.2018 മുതൽ 06-06-2018 വരെ |

| | | |
|---|---|---|
| | ഡോ.സജീഷ്.ടി | 06.06.2018 മുതൽ 31-03-2019 വരെ |
| അസി.എഞ്ചിനീയർ | രെഞ്ചു സുരേന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ദീപ്തി.ജി | 01-04-2018 മുതൽ 31-03-2019 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ. | പുഷ്പ.ടി.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ | ഗ്രേഷ്യൻ.പി.ടി | 01.04.2018 മുതൽ .31.03.2019 വരെ |
| | റാഷിദ.പി | 01.04.2018 മുതൽ .31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | രാജൻ.ഒ.എം | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജസിത റഹ്മാൻ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-5 |
| 6 | വാർഷിക കണക്കിലെ അപാകതകൾ | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ- നികുതിയിനത്തിൽ നഷ്ടം | 1-8 |
| 9 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-9 |
| 10 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-10 |
| 11 | ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് കെട്ടിടസാമഗ്രികൾ നിർമ്മിച്ചുനൽകൽ- ചെലവുതുക പാഴായി. | 1-11 |
| 12 | ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരിച്ചടവാക്കിയില്ല. | 1-12 |
| 13 | ജലനിധി പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല | 1-13 |
| 14 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-പ്രൊജക്ട് നടത്തിപ്പിൽ അപാകത | 1-14 |
| 15 | ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-15 |
| 16 | നെൽകൃഷി വികസനം -കൂലിചെലവ് നൽകൽ -ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതും മറ്റ് അപാകതകളും | 1-16 |
| 17 | പശുവിതരണം- എസ്.സിവനിത. പ്രോജക്ട് ഉദ്ദേശ ലക്ഷ്യം കൈവരിക്കാത്തതും മറ്റ് അപാകതകളും. | 1-17 |
| 18 | വെറ്റിനറി സർജൻ നിർവഹണം നടത്തിയ പ്രൊജക്ടുകൾ- വരുമാനം സംബന്ധിച്ച രേഖകൾ ഹാജരാക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തു | 1-18 |
| 19 | വിവിധ പ്രൊജക്ടുകൾക്കായി തുക അടവാക്കി-വിനിയോഗവിവരം ലഭ്യമാക്കിയില്ല. | 1-19 |
| 20 | വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷകളിൽ തീരുമാനം കൈകൊള്ളുന്നതിൽ കാലതാമസം | 1-20 |
| 21 | എസ്.സി വിദ്യാർഥികൾക്ക് മേശയും കസേരയും -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-21 |

| | | |
|---|---|---|
| 22 | ഡെപ്പോസിറ്റ് പ്രവർത്തിയ്ക്ക് മുൻകൂർ നൽകിയതിലെ അപാകതകൾ | 1-22 |
| 23 | എസ്.എസ്.എ .പദ്ധതി യുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് പങ്ക് വഹിക്കുന്നില്ല | 1-23 |
| 24 | അടിസ്ഥാന സൗകര്യം ഒരുക്കാതെ കായിക പരിശീലനത്തിന് ഉപകരണങ്ങൾ വാങ്ങി | 1-24 |
| 25 | എം.സി.എഫ് കെട്ടിട നിർമ്മാണം- പ്രവർത്തി പൂർത്തിയായിട്ടും മാലിന്യ ശേഖരണത്തിന് കെട്ടിടം ഉപയോഗിക്കുന്നില്ല | 1-25 |
| 26 | തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു | 1-26 |
| 27 | പൊതു മരാമത്ത് പ്രവർത്തികൾ- നടത്തിപ്പിലെ അപാകതകൾ | 1-27 |
| 28 | കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല | 1-28 |
| 29 | കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. | 1-29 |
| 30 | വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതികൾ - വിഭാവനം ചെയ്ത ലക്ഷ്യം പൂർത്തീകരിച്ചില്ല | 1-30 |
| 31 | ശമ്പള പരിഷ്കരണ കുടിശ്ശികയിൽ നിന്നും ആനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 1-31 |
| 32 | പാലിയേറ്റീവ് പരിചരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച | 1-32 |
| 33 | ലൈബ്രറി സെസ്സ് ഇനത്തിൽ ഈടാക്കിയ തുക മുഴുവനായും സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറിയില്ല. | 1-33 |
| 34 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി - അവലോകനം | 1-34 |
| 35 | മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിൽ അപാകതകൾ | 1-35 |
| 36 | വസ്തുനികുതി കണക്കാക്കിയതിലെ അപാകതകൾ-നികുതിയിനത്തിൽ നഷ്ടം | 2-1 |
| 37 | ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് കെട്ടിടസാമഗ്രികൾ നിർമ്മിച്ചുനൽകൽ- ചെലവുതുക പാഴായി. | 3-1 |
| 38 | കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. | 3-2 |
| 39 | കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല | 3-3 |
| 40 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 41 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 42 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 44 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 46 | ഓഡിറ്റ് റിക്കവറി | 4-7 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 48 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| 51 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


## ഭാഗം -1

ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഭരണസമിതിയുടെ 27/03/2018 തീയതിയിലെ 1/18 നമ്പർ തീരുമാനപ്രകാരം 2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പുതുക്കിയ തീരുമാനം നം .01/2019 തീയതി 16/02/2019.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2019 | 25.05.2019 |

## 1-3 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14940113 | 14940113 | 14940113 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6939747 | 6939747 | 6939747 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 82500 | 82500 | 82500 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6498000 | 6498000 | 6498000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3257000 | 3257000 | 3231049 | 0 |
| 13ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 734400 | 734400 | 7344000 | 0 |
| തൊഴിൽ രഹിത വേതനം | 0 | 175080 | 175080 | 175080 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്, തൊഴിലാളികളുടെ കൂലി | 47581 | 1781272 | 1828853 | 1773337 | 55516 |
| ശുചിത്വ മിഷൻ | 0 | 160000 | 160000 | 160000 | 0 |
| വിധവ വിവീഹ ധന സഹായം | 0 | 90000 | 90000 | 90000 | 0 |
| നെല്ലുൽപാദക ബോണസ് | 0 | 57000 | 57000 | 57000 | 0 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 157 | 112 | 18 | 27 | 71.3 |

പ്രൊജക്ടുകളുടെ നടത്തിപ്പിനായി മൊത്തം 103150130/-. രൂപ വകയിരുത്തിയതിൽ 66599883/- രൂപ മാത്രമേ സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയ തുകയുടെ 64.5 ശതമാനം മാത്രമാണ് സാമ്പത്തിക വർഷത്തെ ചെലവ്. അസി.എഞ്ചിനിയർ, സെക്രട്ടറി, വി.ഇ.ഒ മുതലായ നിർവ്വഹണ ഉദ്യാഗസ്ഥരുടെ പ്രോജക്റ്റ് നിർവ്വഹണത്തിൽ വന്ന വീഴ്ചയാണ് ചെലവ് കുറയാൻ കാരണമായത്.

## 1-5 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/05/2019 | 01/02/2019 മുതൽ 31/03/2019 വരെ | PAU5/PAT-1/നടുവണ്ണൂർ /02-03-2019/ DT 18/05/2019. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.01.2010 | 2004-05 മുതൽ 2008-09 വരെ | എൽ.ബി.എ.(എച്ച്.എ)III/8A-1538/627 DT. 01.03.2010 |

## 1-6 വാർഷിക കണക്കിലെ അപാകതകൾ

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. നടുവണ്ണൂർ സഹകരണ ബാങ്ക് (എസ്.എസ്.എ-7522), കേരള ഗ്രാമീണ ബാങ്ക് (29349), ജില്ലാ സഹകരണ ബാങ്ക് നടുവണ്ണൂർ (22001), കേരള ഗ്രാമീണ ബാങ്ക് (12309) പാസ് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. ജില്ലാ സഹകരണ ബാങ്ക് നടുവണ്ണൂർ (200001) ശാഖയിലെ 68981/- രൂപയുടെ ചെക്കുകൾ സ്ഥാപനം നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി പണമാക്കാത്തതുമായി നിൽക്കുന്നുണ്ട്. ഇത് മുഴുവനായും ബാലൻസ് ഷീറ്റിലെ ബി-9 പട്ടികയിലെ Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വാർഷിക കണക്കിൽ stale cheque ഇനത്തിൽ 485/- രൂപയാണ് കാണിച്ചിരിക്കുന്നത്.
3. 2018-19ലെ വാർഷിക ധനകാര്യപത്രികയുടെ കൂടെ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.
4. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾക്ക് ഫൈനൽ ബിൽ നൽകുമ്പോൾ തയ്യാറാക്കേണ്ട വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.
5. സ്ഥാപനത്തിന്റെ ആസ്തികൾ തിട്ടപ്പെടുത്തി മൂല്യം നിർണ്ണയിച്ച് ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.
6. ഡിപ്രീസിയേഷൻ നിരക്ക്, ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുർദൈർഘ്യം എന്നിവ നിശ്ചയിക്കാതെയാണ് ആസ്തികളുടെ തേയ്മാനമൂല്യം കണക്കാക്കിയിട്ടുള്ളത്.
7. സ്റ്റോക്കിന്റെ മൂല്യം കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 28-12-2017വരെയേ രേഖപ്പെടുത്തലുകൾ ഉള്ളൂ.
8. 2017-18ലെ B15 പ്രകാരം 31126/- രൂപയാണ് വസ്തു നികുതി ഇനത്തിൽ ലഭിക്കാനുള്ളത്.തൻ വർഷത്തെ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം കുടിശ്ശിക ഡിമാന്റായി 83484/-രൂപയുണ്ട്.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടത് അനിവാര്യമാണ്.

1. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകൾ നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് കമ്മിറ്റി ശ്രമം നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

2. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. എന്നാൽ വാങ്ങലുകൾ നടത്തുന്നതിനായി കമ്മററി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

3. ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രൊപ്പോസലുകളും ആയതിനെ അടിസ്ഥാനമാക്കി വിവിധ സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കിയ ബജററ് നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ബജററ് ഫയൽ തയ്യാറാക്കിയിട്ടില്ലെന്നു കാണുന്നു. ഓരോ വർഷവും മാർച്ച് ആദ്യവാരത്തിനു മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച വരുത്തികാണുന്നു.

4. പഞ്ചായത്തിൽ ക്രമവൽക്കരണ അപേക്ഷകൾ അധികമായി വരുന്നതും അനധികൃത നിർമ്മാണ രജിസ്റ്ററിൽ ഒരു കെട്ടിടം പോലും ഉൾപ്പെടാത്തതും പരിഗണിക്കുമ്പോൾ അനധികൃത നിർമ്മാണമുണ്ടായിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നുവെങ്കിലും തുടർനടപടി കാര്യക്ഷമമല്ല.

5. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

6. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ചവരുത്തിയിട്ടുണ്ട്.

7. ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ജീവനക്കാർക്ക് സെക്ഷൻ ക്രമത്തിൽ നിലവിൽ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകൾ യഥാസമയം വിളിച്ചു ചേർക്കുന്നുണ്ട്. എന്നാൽ വൗച്ചറുകൾ പ്രസിഡന്റ് പരിശോധിച്ച് ആധികാരികമാക്കുന്നില്ല. ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിൽ സൂപ്പർവൈസറി തലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇ) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ

വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-8 വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ- നികുതിയിനത്തിൽ നഷ്ടം

1) പഞ്ചായത്തിൽ നിലവിലുള്ള കെട്ടിടങ്ങൾക്ക് ഘടനാപരമായ മാറ്റങ്ങൾ വരുത്തുമ്പോഴോ കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴോ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ നികുതി നിരക്കിലുണ്ടാവേണ്ട മാറ്റം വരുത്താത്തത് പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാക്കുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

a) ശ്രീ. ഗോപാലൻ. കെ.പി. കച്ചേരിപറമ്പിൽ നടുവണ്ണൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ താഴെ നിലയിലെ ഒരു മുറി (7/724), 4 മുറികളായി (7/724,7/724B,7/724C,7/724D) മാറ്റാനുള്ള അപേക്ഷ പ്രകാരമുള്ള (തപാൽ നം.ബി2/1369/18 തീ. 20/02/2018) കംപ്ളീഷൻ പ്ളാൻ പരിശോധിച്ചപ്പോൾ കണ്ട അപാകത ചുവടെ കൊടുക്കുന്നു.

മേൽ പരാമർശിച്ച കെട്ടിടം കംപ്ളീഷൻ പ്ലാൻ പ്രകാരം ആകെ 436.09 ച.മീ ഉണ്ട്. എന്നാൽ കെട്ടിടത്തിന് നൽകിയ ആകെ 7 നമ്പറുകൾ 7/725എ, 7/723, 7/724, 7/724എ, 7/724ബി, 7/724സി, 7/724ഡി എന്നിവയാണ്. ഇവയുടെ ആകെ വിസ്തീർണ്ണം 477.75ച.മീ.ആണ്. 41.66ച.മീ അധികമാണ് നികുതി കണക്കാക്കാൻ ആകെ വിസ്തീർണ്ണമായി സഞ്ചയയിൽ അടിസ്ഥാന വിവരമായി നൽകിയിരിക്കുന്നത്.

കെട്ടിടത്തിന് നികുതി കണക്കാക്കി നമ്പർ നൽകിയത് 2013-14 ഒന്നാം അർദ്ധ വർഷം മുതലാണ്. ആകെ 200 ച.മീറ്ററിൽ അധികമുള്ള വാണിജ്യ സമുച്ചയത്തെ 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യകെട്ടിടമായി കണക്കാക്കി ആയതിന്റെ നികുതി നിരക്കായ 40/ച.മീ നൽകിയാണ് നികുതി ഈടാക്കിയിരിക്കുന്നത്. യഥാർത്ഥത്തിൽ 200 ച.മീ കൂടുതലുള്ള ഷോപ്പിംഗ് മാളായ ഈ കെട്ടിടത്തിന് ഇതിന്റെ അടിസ്ഥാന നികുതി നിരക്കായ 80/ച.മീ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. പ്രാഥമിക മേഖലയിൽ 5 മീറ്ററിലധികം വീതിയുള്ള വഴിയുള്ളതുമായ ഈ കെട്ടിടത്തിന് ഇതുമൂലം ഉണ്ടായ നികുതി നഷ്ടം ചുവടെ കൊടുക്കുന്നു.

| **2013-14 ൽ നികുതി കണക്കാക്കിയത്** | **യഥാർത്ഥത്തിൽ ഉള്ള നികുതി** |
|---|---|
| വിസ്തീ.- 477.75ച.മീ<br>അടിസ്ഥാന നികുതി നിരക്ക് -40/ച.മീ<br>നികുതി - 477.75*40= 19110/-<br>വഴി വർദ്ധനവ്-20% =3822/-<br>ആകെ - = 22932 +(LC= 1147) | വിസ്തീ.- 436.09ച.മീ<br>അടിസ്ഥാന നികുതി നിരക്ക് -80/ച.മീ<br>നികുതി - 436.09*80= 34887/-<br>വഴി വർദ്ധനവ്-20% =6977/-<br>ആകെ - = 41864 +(LC= 2093) |
| ആകെ നഷ്ടം | **18932 + (LC 946)** |

കെട്ടിടത്തിന് 2013-14 മുതൽ 2018-19 വരെയുള്ള നഷ്ടം = 18932*6= **113592/-**

LC ഇനത്തിലെ നഷ്ടം = 964*6= **5676/-**

b) ശ്രീ. മുഹമ്മദ് ബഷീർ ,മാക്കാരി, നടുവണ്ണൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സിലെ 7/'എ' മുതൽ 'ജി' വരെയുള്ള കെട്ടിടത്തിന്റെ മുകൾ നിലയിൽ പൂർത്തീകരിച്ച കെട്ടിടത്തിന് നമ്പർ നൽകാൻ തന്ന അപേക്ഷ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ പറയുന്നു.

കെട്ടിടത്തിന്റെ പൂർത്തീകരിച്ച ഒന്നാം നില 194.89ച.മീ ഉണ്ട്. താഴെ നിലയിലെ വിസ്തീർണ്ണം ആകെ 257.4ച.മീ ഉം ആണ്. എന്നാൽ മുകളിലെ നിലയ്ക്ക് (194.89ച.മീ) നികുതി കണക്കാക്കിയപ്പോൾ കെട്ടിടത്തെ, 200 ;.ച.മീ വരെയുള്ള ഷോപ്പിംഗ് മാളായാണ് കണക്കാക്കിയത്. യഥാർത്ഥത്തിൽ 200 ച.മീ ന് മുകളിലുള്ള ഷോപ്പിംഗ് മാളിന്റെ നിരക്കായ 80/ച.മീ എടുക്കേണ്ടതായിരുന്നു. ഇതുമൂലമുണ്ടായ നികുതിനഷ്ടം ചുവടെ കൊടുക്കുന്നു.

| നികുതി കണക്കാക്കിയത് | യഥാർത്ഥത്തിൽ ഉള്ള നികുതി |
|---|---|
| വിസ്തീ.- 194.89 ച.മീ<br>അടിസ്ഥാന നികുതി നിരക്ക് -40/ച.മീ<br>നികുതി - 194.89*40= 7796/-<br>വഴി വർദ്ധനവ്-20% =1559/-<br>ആകെ - = 9355+(LC= 488) | വിസ്തീ.- 194.89 ച.മീ<br>അടിസ്ഥാന നികുതി നിരക്ക് -80/ച.മീ<br>നികുതി - 194.89*80= 15591/-<br>വഴി വർദ്ധനവ്-20% =3118/-<br>ആകെ - = 18709 + (LC= 935) |
| ആകെ നഷ്ടം | 9354 + (LC-467) |

2) ശ്രീ. പോക്കർ,കാപ്പളിചാലിൽ,ചക്കിട്ടപ്പാറ, എന്നവരുടെ ഉടമസ്ഥതയിലുള്ള 12/39'എ' മുതൽ 'എച്ച്' വരെയുള്ള കെട്ടിടത്തിലെ ഒന്നാം നിലയിൽ 4 ഒറ്റമുറി റസിഡൻഷ്യൽ റൂമുകൾക്ക് (12/39'E,F,G,H) നമ്പർ നൽകിയിട്ടുണ്ട്. ഈ മുറികൾക്ക് താമസാവശ്യത്തിനുള്ള നികുതിയാണ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ ഇവ ലോഡ്ജ് ആയി ഉപയോഗിക്കുവാനാണ് എന്നതിനാൽ ആയതിന്റെ നികുതി ഈടാക്കേണ്ടതാണ്.

3. **പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല. അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.**

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല . ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയ നിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തതും നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.

മേൽ പരാമർശിച്ച നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പഞ്ചായത്തിലെ വലുതും വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയതിൽ അപാകതയുണ്ടായിട്ടുണ്ടോ എന്ന് പുന:പരിശോധിക്കേണ്ടതും നികുതി വീഴ്ച ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-9 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1)പഞ്ചായത്തിൽ 31/03/2019 തീയതിയിലെ ഡിമാന്റുകളിൽ വാണിജ്യ/ വ്യവസായികാവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾ 2086 ആണ്. ഇതിൽ 2018-19 സാമ്പത്തിക വർഷം വേക്കൻസി റമിഷൻ നൽകിയത് 50 കെട്ടിടങ്ങൾക്കാണ്. അതായത് 2036 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വേണം കണക്കാക്കാൻ. ഇതിൽ 2018-19 ൽ ആകെ അനുവദിച്ച550 ഡി & ഒ ലൈസൻസുകൾ 659 കെട്ടിടങ്ങളിലായാണ് നൽകിയിട്ടുള്ളത്. ബാക്കിയുള്ള 1377 കെട്ടിടങ്ങളിൽ വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങൾ നിയമ വിരുദ്ധമായി ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഇത് പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

2) ആകെ 2018-19 വർഷം 550 ഡി& ഒ ലൈസൻസ് എടുത്തവരിൽ 216 സ്ഥാപനങ്ങൾ മാത്രമാണ് ചട്ട പ്രകാരം സാമ്പത്തിക വർഷം ആരംഭിയ്ക്കുന്നതിന് മുൻപ് ലൈസൻസ് പുതുക്കിയിട്ടുള്ളൂ.

വാർഡ് അടിസ്ഥാനത്തിൽ സഞ്ചയ പ്രകാരമുള്ള വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ ലിസ്റ്റ് എടുത്ത് മുഴവൻ കെട്ടിടങ്ങളും ലൈസൻസ് എടുത്തോ എന്ന് പരിശോധിക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇതിന് മേൽനോട്ടം വഹിക്കേണ്ടതുമാണ്.

## 1-10 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല.

1)സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററിൽ പരിശോധിച്ചതിൽ നിന്നും 479 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയെന്ന് രജിസ്റ്ററിൽ വ്യക്തമാക്കിയിട്ടില്ല.

2) രജിസ്റ്റർ പ്രകാരം ആകെ തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങൾ 479 ആണെങ്കിലും എന്നാൽ 550 സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ട്. ഇതിൽ നിന്നും ഡി &ഒ ലൈസൻസ് എടുത്ത 71 സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി 2018-19 വർഷം ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാണ്.

3) പഞ്ചായത്തിൽ 31/03/2019 തീയതിയിലെ ഡിമാന്റുകളിൽ വാണിജ്യ/ വ്യവസായികാവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾ 2086 ആണ്. ഇതിൽ 2018-19 സാമ്പത്തിക വർഷം വേക്കൻസി റമിഷൻ നൽകിയത് 50 കെട്ടിടങ്ങൾക്കാണ്. അതായത് 2036 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വേണം കണക്കാക്കാൻ. ഇതിൽ 2018-19 ൽ ആകെ അനുവദിച്ച 550 ഡി & ഒ ലൈസൻസുകൾ 659 കെട്ടിടങ്ങളിലായാണ് നൽകിയിട്ടുള്ളത്. ബാക്കിയുള്ള 1377 കെട്ടിടങ്ങളിൽ വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽസ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്. വിശദീകരണം നൽകേണ്ടതാണ്.

4) ചുവടെ പരാമർശിച്ച കരാറുകാർ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ കരാർ എടുക്കുകയും വരുമാനമാർജിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ ഇവരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1 | ഡി.എം കുഞ്ഞിക്കണ്ണൻ |
| 2 | ടി.സുരേഷ് |
| 3 | ഒ.എം രാധാകൃഷ്ണൻ |
| 4 | പി.കുഞ്ഞി മൊയ്തി |
| 5 | എം.എം ബാലകൃഷ്ണൻ |
| 6 | എൻ.എം ഗോവിന്ദൻ നായർ |
| 7 | അബൂബക്കർ |
| 8 | വി. ബഷീർ |
| 9 | പി.കെ പ്രകാശൻ |

| | |
|---|---|
| 10 | കെ.വി. മുഹമ്മദ് അഷറഫ് |
| 11 | എ.എം രവീന്ദ്രൻ |
| 12 | എം.സി.ശ്രീനാഥ് |
| 13 | കെ.കെ ദിലീഷ് |

5) ഡി&ഒ ലൈസൻസ് അപേക്ഷയിൽ സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം അപേക്ഷകൻ സാക്ഷ്യപ്പെടുത്തി നൽകിയെങ്കിലും ആയത് പ്രകാരം ചുവടെ കൊടുത്ത സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ വാങ്ങിയിട്ടില്ല.

| ക്രമ നം. | ഡി&ഒ ലൈസൻസ് നം, | കെട്ടിട നം | സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|
| 1 | 12 | 10/86 | ഒബ്സിക്കോസ് | 10 |
| 2 | 41 | 10/165 | ആഞ്ജനേയ എന്റർപ്രൈസസ് | 8 |
| 3 | 141 | 10/666 | ഇല്ലം അസോസിയേറ്റ്സ് | 3 |
| 4 | 142 | 10/667 | ഇല്ലം അസോസിയേറ്റ്സ് | 3 |
| 5 | 229 | 10/204ജി | പോപ്പുലർ ബേക്സ് | 4 |
| 6 | 278 | 12/315HJKL | ബെല്ല ഫർണിച്ചർ | 4 |
| 7 | 445 | 10/655 | നാഷണൽ ബിൽഡേഴ്സ് | 5 |
| 8 | 446 | 10/663 | നാഷണൽ ബിൽഡേഴ്സ് | 5 |
| 9 | 447 | 10/664 | നാഷണൽ ബിൽഡേഴ്സ് | 5 |
| 10 | 472 | 10/530AA,B,C,D | അജ്വ കലക്ഷൻസ് | 4 |
| 11 | 495 | 10/4F | നൊസ്റ്റാൾജിക് ഇൻ | 15 |

6) 2018-19 ഡി& ഒ ലൈസൻസ് അപേക്ഷകളോടൊപ്പം സമർപ്പിച്ച വാടക എഗ്രിമെന്റ് പ്രകാരം ചുവടെ പട്ടികയിൽ കൊടുത്ത കെട്ടിട ഉടമകൾ പ്രതിമാസം വാടകയായി വലിയ തുകകൾ വരുമാനമായി ആർജിക്കുന്നുണ്ടെങ്കിലും ആയതിനനുസൃതമായ തൊഴിൽ നികുതി പഞ്ചായത്തിൽ അടവാക്കുന്നില്ല.

| ക്രമ നം | ഡി&ഒ ലൈസൻസ് നം | സ്ഥാപനം | കെട്ടിട നം | പ്രതിമാസ കെട്ടിട വാടക | കെട്ടിട ഉടമ |
|---|---|---|---|---|---|
| 1 | 472 | അജ് വ കലക്ഷൻസ് | 10/530AA,B,C,D | 37000 | കൊയക്കാട്ടേരി അഹമ്മദ്കുട്ടി മുതൽ പേർ |
| 2 | 400 | ഫനാൻ ഹോട്ട് & കൂൾ | 12/329 | 15000 | ബിമൽ ലാൽ, ലാൽസ് ഹൌസ്, നടുവണ്ണൂർ |
| 3 | 380 | വൈറ്റ് ഇന്ത്യ ബിൽഡിംഗ് മെറ്റീരിയൽസ് | 7/765ബി | 20000 | കുഞ്ഞബ്ദുള്ള, സലീഖ് മൻസിൽ |
| 4 | 362 | ഡോ.ടെക് ഡെന്റൽ ക്ലിനിക് | 10/295 എഫ് | 18000 | കെ.ടി അവറാൻ, കടുക്കാം പറമ്പിൽ |
| 5 | 229 | പോപ്പുലർ ബേക്സ് | 10/204ജി | 20000 | ബഷീർ, മണങ്ങാട്ട് |

വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 1-11 ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് കെട്ടിടസാമഗ്രികൾ നിർമ്മിച്ചുനൽകൽ- ചെലവുതുക പാഴായി.

പ്രൊജക്റ്റ് നമ്പർ- 112/18
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

വകയിരുത്തിയ തുക- 2750000

ചെലവുതുക - 250000/- രൂപ

തനത് ഫണ്ട്. 150000/- രൂപ (order no. 388/31.3.19)
ബിൽ നമ്പർ-20/18-19 തി 11.10.18 -100000

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണ സാമഗ്രികളായ വാതിൽ കട്ടില, ജനൽ, സിമന്റ് ബ്രിക്സ് എന്നിവ നിർമ്മിച്ച് ലൈഫ് മിഷൻ സമ്പൂർണ പാർപ്പിട പദ്ധതിയിൽപെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത അവിദഗ്ധ വനിതാ തൊഴിലാളികൾക്കിടയിൽ നിന്നും 25 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് വിദഗ്ധ പരിശീലനം നൽകുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തതാണ് ഈ പ്രൊജക്റ്റ്. M.N.R.E.G.S. പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പ്രൊജക്റ്റിന് തൊഴിൽ പരിശീലനത്തിന് പദ്ധതിവിഹിതം/തനത് ഫണ്ട് എന്നിവയും മെറ്റീരിയൽ, തൊഴിലാളികളുടെ കൂലി, വർക്ക്ഷെഡ് നിർമ്മാണം എന്നിവക്ക് M.N.R.E.G.S.ഫണ്ടുമാണ് വകയിരുത്തിയത്. ജില്ലാ പ്ലാനിംഗ് ഓഫീസറുടെ പ്രത്യേക അനുമതിയോടുകൂടി നടപ്പിലാക്കിയ പ്രൊജക്റ്റിന് സർക്കാർ അംഗീകൃതസ്ഥാപനമായ സെന്റർഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് തിരുവനന്തപുരം എന്ന സ്ഥാപനത്തിനെയാണ് പരിശീലനത്തിനായി തെരഞ്ഞെടുത്തത്. 16.3-18 ൽ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി 25 പേർക്ക് 1 മാസം നീണ്ടു നിൽക്കുന്ന പരിശീലനത്തിനായി സെന്റർഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് തിരുവനന്തപുരം എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും, ആയതിന്റെ അടിസ്ഥാനത്തിൽ മാസങ്ങൾക്ക് ശേഷം 1.10.18 ൽ അഡ്വാൻസ് ഇനത്തിൽ മേൽ ബിൽ പ്രകാരം 100000 രൂപ പിൻവലിച്ച് സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. പരിശീലനത്തിനുള്ള പ്രാഥമിക നടപടി എന്ന നിലയിൽ 5ാം വാർഡിലെ 18 ഗുണഭോക്താക്കളുടെ ഒരുലിസ്റ്റ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചുകാണുന്നു. എന്നാൽ സ്ഥാപനം ഗുണഭോക്താക്കൾക്ക് പരിശീലനം നൽകിയതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പരിശീലനത്തിന് കരാറിലേർപ്പെട്ട സ്ഥാപനത്തിന് അവശേഷിക്കുന്ന 150000/- രൂപ 31.3.19 ന് പിൻവലിച്ച് നിർവഹണ ഉദ്യോഗസ്ഥൻ കൈമാറിയിട്ടുണ്ട്. പരിശീലനം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽതന്നെ ആയതിന്റെ തുടർ പ്രവർത്തനമായ കെട്ടിടനിർമ്മാണ സാമഗ്രികളുടെ നിർമ്മാണത്തിന് ആവശ്യമായ തുടർ നടപടികൾക്കൊന്നും തന്നെ 19-20 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തി ചെലവഴിച്ചതായി കാണുന്നില്ല. തുടർ പ്രവർത്തനങ്ങളില്ലാത്തതിനാൽ പരിശീലനത്തിനായി വകയിരുത്തി ചെലവഴിക്കപ്പെട്ട 250000/- രൂപ പഞ്ചായത്തിന് പാഴ്ച്ചെലവായി മാറിയിരിക്കയാണ്. ആവശ്യമായ മുന്നൊരുക്കമില്ലാതെ പണം ട്രാൻസ്ഫർ ചെയ്ത്

പഞ്ചായത്ത് ഫണ്ട് പാഴാക്കിയതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് പരിശീലനത്തിനായി തുക അടവാക്കിയിട്ടും പരിശീലനം ലഭ്യമാക്കിയ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും, കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണത്തിന് തുടർ പ്രൊജക്ടുകൾ ഇല്ലാത്തതിനാലും ചെലവുതുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 250000/- രൂപ ഉത്തരവാദപ്പെട്ട സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-12 ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരിച്ചടവാക്കിയില്ല.

പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷികകണക്ക് പരിശോധിച്ചതിൽ സംയുക്ത പ്രൊജക്ടുകൾക്കായി മുൻവർഷങ്ങളിൽ ഉൾപ്പടെ ലഭിച്ച ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനങ്ങളിൽ സാമ്പത്തികവർഷാവസാനം 1335187/- രൂപ ചെലവഴിക്കാതെ നീക്കിയിരിപ്പുകാണുന്നു. (2018-19 ബാലൻഷീറ്റ് ഷെഡ്യൂൾ B4കാണുക). മേൽ തുകകളിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 640682/- രൂപയും, ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 694505/- രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിൽ സൂക്ഷിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകളുടെ വിശദവിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഏതെല്ലാം പ്രൊജക്ടുകൾക്കായി ഏത് സാമ്പത്തിക വർഷങ്ങളിൽ വരവുവന്ന തുകകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയാണെന്നതിന്റെ വിശദവിവരം ലഭ്യമായിട്ടില്ല. പഞ്ചായത്തിന്റെ സംയുക്ത പ്രൊജക്ടുകൾക്കായുള്ള ജോയിന്റ് വെഞ്ച്വർ എകൗണ്ട് പരിശോധിച്ചതിൽ ആയതിൽ 3085950/- രൂപ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനങ്ങളിൽ നീക്കിയിരുപ്പുള്ള തുകക്ക് പുറമെ 1750763/- രൂപ ഈ എകൗണ്ടിൽ അധികം ഉണ്ട്. ആയത് സംബന്ധിച്ച് പരിശോധിച്ചതിൽ 1250000/- രൂപ 30.10.19 തിയ്യതിയിൽ ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ മിഷൻ മുഖേന വന്ന തുകയാണ്. അവശേഷിക്കുന്ന 500763/- രൂപ ഏത് ഫണ്ടിനത്തിലുള്ള തുകയാണെന്നതിന്റെ വിശദവിവരം പഞ്ചായത്തിൽ ലഭ്യമല്ല. ആയതിന്റെ വിശദവിവരം ലഭ്യമാക്കേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരിച്ചടവാക്കേണ്ടതുമാണ്.

## 1-13 ജലനിധി പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ജലനിധി പ്രൊജക്ട് മുഖേന 32 ജലവിതരണ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. അംഗീകാരം ലഭിച്ച 32 പദ്ധതികളും നിലവിൽ പൂർത്തീകരിച്ച് എക്സിറ്റ് നടപടികൾ കഴിഞ്ഞിട്ടുണ്ട്. ജലനിധി അധികൃതരിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷം മുതൽ 2017-18 സാമ്പത്തിക വർഷം വരെ 17700154 രൂപ ജലനിധി പ്രവർത്തികൾക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ ജലനിധിക്ക് കൈമാറിയിട്ടുണ്ട്. ആയതിൽ നാളിതുവരെ 15984673 രൂപ ചെലവഴിക്കപ്പെട്ടതിന്റെ വിശദവിവരവും ലഭ്യമാക്കിയിട്ടുണ്ട്. ജലനിധി പദ്ധതിക്കായുള്ള ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ 3.2.20ൽ 1877555 രൂപ നീക്കിയിരിപ്പുകാണുന്നു. അംഗീകാരം ലഭ്യമായ മുഴുവൻ ജലവിതരണ പദ്ധതികളുടെയും നിർവഹണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 20.2.2019 ൽ കൂടിയ ഭരണ സമിതിയോഗം അജണ്ട 9 തീരുമാനം 1 പ്രകാരം നടുവണ്ണൂർ പഞ്ചായത്തിലെ 32 ജലനിധി കുടിവെള്ള പദ്ധതികളുടെയും പ്രവർത്തനം പൂർത്തീകരിച്ചതായും എന്നാൽ പൂർത്തീകരിച്ച ജലവിതരണ പദ്ധതികളിൽ 13 എണ്ണത്തിലും അമിതമായ ഇരുമ്പിന്റെ അംശം, ഉപ്പിന്റെ അംശം, കലക്കുവെള്ളം ജലവിതരണം നടത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായും, പദ്ധതികളിൽ ഉൾപ്പെട്ട ആലംകോട് ജലനിധി പദ്ധതിയുടെ പ്ലംബിംഗ് പ്രവർത്തികളിൽ വ്യാപകമായ അപാകതകൾ നടന്നതായും പ്രസിഡണ്ട് യോഗത്തിൽ അറിയിച്ചു. പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമെന്ന നിലക്കാണ് ജലനിധി പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കിയതെങ്കിലും ഇത്ര അധികം പദ്ധതികളിൽ കുടിവെള്ള വിതരണം സാദ്ധ്യമാവാത്തത് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് വിഘാതമായിരിക്കയാണെന്ന് യോഗം

വിലയിരുത്തി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുമ്പ് കിണർ നിർമാണസ്ഥലത്തെ കുടിവെള്ളത്തിന്റെ സ്ഥിതി ശാസ്ത്രീയ പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടെന്നതിനാൽ പദ്ധതികളിൽ വന്ന അപാകതകളുടെ ഉത്തരവാദിത്വം പഞ്ചായത്തിന് ഏറ്റെടുക്കാൻ കഴിയില്ലെന്നും ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം പദ്ധതിയുടെ സാങ്കേതിക പരിശോധനകൾ, മോണിട്ടറിംഗ് എന്നിവ നടത്തിയ ഏജൻസികൾക്കാണെന്നും, ആയതിനാൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് 4 പദ്ധതികൾക്ക് പുതിയ കിണറും 9 പദ്ധതികൾക്ക് കേന്ദ്രീകൃത ജലശുദ്ധീകരണ പ്ലാന്റും സ്ഥാപിച്ചുനൽകുന്നതിന് ജലനിധി പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിനോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കിണർ വെള്ളത്തിന്റെ ഗുണക്കുറവ് കാരണം 32 ജലനിധിപദ്ധതികളിൽ ആകെയുള്ള 2488 ഗുണഭോക്താക്കളിൽ 13 പദ്ധതികളിൽപെട്ട 1126 പേർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാവാത്ത അവസ്ഥയാണുള്ളത്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ശുദ്ധജലം ലഭ്യമല്ലാത്ത 13 പദ്ധതികളിൽ ആയത് ലഭ്യമാക്കാൻ കൈകൊണ്ട തുടർ നടപടികൾ അറിയിക്കേണ്ടതും ജലനിധി എകൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന ഗ്രാമപഞ്ചായത്ത് വിഹിതം കണക്കാക്കി തിരികെ അടവാക്കേണ്ടതുമാണ്.

## 1-14 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-പ്രൊജക്ട് നടത്തിപ്പിൽ അപാകത

പ്രൊജക്ട് നമ്പർ- 100/19
നിർവ്വഹണം- സെക്രട്ടറി

വകയിരുത്തിയ തുക- 374367

ചെലവുതുക- 374367 (ബിൽ നമ്പർ 32/18-19 തി30.1.19)

പഞ്ചായത്ത് റോഡുകളുടെ വശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രൊജക്ട് പ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടികളിലൂടെ മൂന്ന് വർഷത്തെ വാറണ്ടിയുള്ള 24W,L.E.D സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുന്നതിന് നാറ്റ് അസോസിയേറ്റ് ഉള്ളിയേരി എന്നസ്ഥാപനവുമായി കരാറിലേർപ്പെടുകയും സ്ഥാപനം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. തെരുവുവിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതായി ഏതാനും മെമ്പർമാർ സാക്ഷ്യപത്രം നൽകിയതല്ലാതെ ലൈറ്റുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതായുള്ള മോണിട്ടറിംഗ് കമ്മറ്റി സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്ര പ്രകാരം 218 ലൈറ്റുകൾ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നാറ്റ് അസോസിയേറ്റ് സപ്ലൈചെയ്ത് സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകൾ 208 എണ്ണം മാത്രമാണ്. സ്ട്രീറ്റ് ലൈറ്റ് 208 എണ്ണം മാത്രമെ സ്റ്റോക്കിലെടുത്തിട്ടുമുള്ളൂ.

2)തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് മുൻപ് K.S.E.B.യിൽ നിന്നും അനുമതിപത്രം വാങ്ങിക്കുകയോ, സൂപ്പർ വിഷൻ ചാർജ് അടവാക്കുകയോ ചെയ്തതായി കാണുന്നില്ല. ഇതിൽ നിന്നും K.S.E.B.യുടെ അനുമതിയോടുകൂടിയല്ല തെരുവിളക്കുകൾ സ്ഥാപിച്ചതെന്ന് വ്യക്തമാവുന്നു.
3) പ്രവർത്തി പൂർത്തീകരിച്ച ശേഷം പൂർത്തീകരണ സാക്ഷ്യപത്രം K.S.E.B.യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് 1ാം ഉപവകുപ്പ് 3ാം പട്ടിക പ്രകാരം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്നതാണ് തെരുവ് വിളക്കുകൾ കത്തിക്കലും അവയുടെ പരിപാലനവും. പഞ്ചായത്ത് തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് കൃത്യമായി അടവാക്കുന്നുണ്ടെങ്കിലും അവയുടെ റിപ്പയറിനായി തുക ചെലവഴിച്ച് തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളൊന്നും പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതായി കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 1-15 ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാമ്പത്തിക വർഷംവരെ 5181 കുടുംബങ്ങളിൽ നിന്നായി 4046പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 3363 കുടുംബങ്ങളിൽ നിന്നായി 3608പേർതൊഴിലിനായി അപേക്ഷിക്കുകയും 3168 കുടുംബങ്ങളിൽ നിന്നായി 3369 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആക്ഷൻ പ്ലാൻ പ്രകാരം 739 പ്രവർത്തികൾക്കായി 52951500 രൂപ വകയിരുത്തയതിൽ 268 പ്രവർത്തികളിലായി 48969042 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തികളിലൂടെ 156202 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 42726387 രൂപ ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിൽ 1051കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമായിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവർത്തികളിൽ ഭൂരിഭാഗവും മണ്ണ് ജല സംരക്ഷണ പ്രവർത്തികളാണ്. 2018-19 വർഷം 51മെറ്റീരിയൽ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിക്കായുള്ള സാമ്പത്തിക വർഷത്തെ മൊത്തം ചെലവ് 519742791 രൂപയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലാളികളുടെ കൂലി രണ്ടാഴ്ചയിലൊരു ദിവസം നൽകേണ്ടതും യാതൊരു കാരണവശാലും മസ്റ്റർ റോൾ ക്ലോസ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ ഒന്നും തന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ തൊഴിലാളികളുടെ വേതന വിതരണം നടത്തിക്കാണുന്നില്ല. 2018-19ൽ നടപ്പിലാക്കിയ 91 പ്രവർത്തികൾക്ക് 2019-20 സാമ്പത്തിക വർഷത്തിലാണ് 7928000/- രൂപ ചെലവഴിക്കപ്പെട്ടിട്ടുള്ളത്.

## **1-16** നെൽകൃഷി വികസനം -കൂലിചെലവ് നൽകൽ -ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതും മറ്റ് അപാകതകളും

പ്രൊജക്ട് നമ്പർ-22/19

വകയിരുത്തിയ തുക- 595000

ചെലവുതുക- 595000
(ബിൽ നമ്പർ 2586/19.11.18.210000

ചെക്ക് നമ്പർ- 1731707 തി 28.3.19-210000

ചെക്ക് നമ്പർ- 1731712തി 28.3.19- 175000)

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ 35 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി ചെയ്യുന്ന 149 കർഷകർക്ക് നെൽകൃഷിക്ക് കൂലിചെലവ് ഇനത്തിൽ 595000 രൂപ വിതരണം ചെയ്തിട്ടുണ്ട്. സ.ഉ.നമ്പർ.22/18 ത.സ്വ.ഭ.വ. തിരുവനന്തപുരം തി.14.2.18 ഖണ്ഡിക 6.1 പ്രകാരം വിള ഇൻഷൂറൻസ് അടവാക്കുന്ന കർഷകർക്കാണ് കൂലി ചെലവിന് അർഹത. എന്നാൽ വിള ഇൻഷൂർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ കൂലി ചെലവിനുള്ള അപേക്ഷയോടൊപ്പം നെൽകൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച രേഖകളൊന്നും (കരമടച്ച രശീതി) മിക്ക കർഷകരും ഉൾപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷയല്ലാതെ അപേക്ഷയോടൊപ്പം, ബന്ധപ്പെട്ട പാടശേഖര സമിതിയുടെ ശുപാർശ, ഉദ്യോഗസ്ഥ തലത്തിൽ ആയത് പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ പരിശോധന റിപ്പോർട്ട് എന്നിവയും ഉൾപ്പെടുത്തിയിട്ടില്ല. അപേക്ഷയോടൊപ്പമുള്ള അയൽസഭ റിപ്പോർട്ട്, വാർഡ് സമിതി റിപ്പോർട്ട് എന്നിവയും ഭൂരിഭാഗം അപേക്ഷകളിലും പൂരിപ്പിച്ച് കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവു രേഖകളുടെ അഭാവത്തിൽ തുക തടസ്സത്തിൽ വെക്കുന്നു.

## **1-17** പശുവിതരണം- എസ്.സിവനിത. പ്രോജക്ട് ഉദ്ദേശ ലക്ഷ്യം കൈവരിക്കാത്തതും മറ്റ് അപാകതകളും.

പ്രൊജക്ട് നമ്പർ -77/19

വകയിരുത്തിയ തുക- 660000

ചെലവുതുക- 420000 (വികസന ഫണ്ട്. 398750,തനത് ഫണ്ട് 21250)

മേൽ പ്രൊജക്റ്റ് പ്രകാരം 12 എസ്.സി.വനിതകൾക്ക് പശുവിനെ വാങ്ങുന്നതിനായി 35000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. എസ്.സി.വനിതകൾക്ക് തൊഴിലും, പഞ്ചായത്തിലെ പാൽ ഉത്പാദനവും ലക്ഷ്യംവെച്ച് ആരംഭിച്ച പ്രൊജക്റ്റിൽ ആനുകൂല്യം അനുവദിച്ച 12 പേരിൽ 8 പേരും പഞ്ചായത്ത് പരിധിക്കുള്ളിൽ നിന്നാണ് പശുവിനെ വാങ്ങിയിരിക്കുന്നത് ആയത് പഞ്ചായത്തിലെ പാൽ ഉത്പാദനവർദ്ധനവ് എന്നലക്ഷ്യം കൈവരിക്കാൻ പര്യാപ്തമല്ല. ആയത് കൂടാതെ ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളിൽ 2 പേരുടെ റേഷൻകാർഡ് പരിശോധിച്ചതിൽ കുടുംബത്തിൽ സർക്കാർ ജീവനക്കാർ ഉൾപ്പെട്ടതായി കാണുന്നു.വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ റേഷൻ കാർഡിലെ വരുമാനം അടിസ്ഥാനമാക്കിയാണ് രണ്ട് ഗുണഭോക്താക്കൾക്കും ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്. ആയതിന്റെ വിശദവിവരം താഴെപ്പറയുന്നു.

| ഗുണഭോക്താവിന്റെ പേര് | റേഷൻകാർഡിലെ വിവരം |
|---|---|
| ശ്രീമതി. തറോൽ മീത്തൽ , കാവിൽ, നടുവണ്ണൂർ. | റേഷൻകാർഡ് പ്രകാരം ഭർത്താവ് ബാലൻ സംസ്ഥാന സർക്കാർ ജീവനക്കാരൻ |
| ഗീത വെള്ളിയോട്ട് കാവിൽ, നടുവണ്ണൂർ | റേഷൻകാർഡ് പ്രകാരം ഭർത്താവ് രാജൻ സംസ്ഥാന സർക്കാർ ജീവനക്കാരൻ |

അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്. വരുമാനം സംബന്ധിച്ച ആധികാരികമായ രേഖകൾ ഹാജരാക്കാതെ സർക്കാർ ജീവനക്കാർ ഉൾപ്പെട്ട കുടുംബത്തിന് പശുവിനെ വാങ്ങാൻ അനുവദിച്ച 70000 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-18 വെറ്റിനറി സർജൻ നിർവഹണം നടത്തിയ പ്രൊജക്റ്റുകൾ- വരുമാനം സംബന്ധിച്ച രേഖകൾ ഹാജരാക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തു

വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായുള്ള വിവിധ പ്രൊജക്റ്റുകളിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തതിൽ സർക്കാർ ജീവനക്കാരുള്ള കുടുംബങ്ങൾക്കും ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. ഇത്തരം കുടുംബങ്ങൾക്ക് ആനുകൂല്യം വിതരണം ചെയ്ത അവസരത്തിൽ റേഷൻ കാർഡിലെ വരുമാനമാണ് ആധികാരികമാക്കിയത്. ഗുണഭോക്താക്കളിൽ നിന്നും വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

**1) പെണ്ണാട് വിതരണം വനിത-(പ്രൊജക്റ്റ് നമ്പർ 24/19)**

വകയിരുത്തിയ തുക- 300000

ചെലവുതുക- 228000 (വികസന ഫണ്ട്.114000)

മേൽ പ്രൊജക്റ്റ് പ്രകാരം ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളിൽ കമല, കച്ചേരി മീത്തൽ, എന്നവരുടെ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരുമകൻ കേന്ദ്ര സർക്കാർ ജീവനക്കാരനും, മറ്റൊരുമകൻ പ്രവാസിയുമാണ്. അതേപോലെ ആനുകൂല്യം കൈപറ്റിയ മറ്റൊരു ഗുണഭോക്താവായ ലീല, അമ്മിച്ച്യാത്ത് (വീട്) കാവിൽ പി.ഒ എന്നവരുടെ റേഷൻ കാർഡിൽ ഉൾപ്പെട്ട മകൻ രജീഷ് കേന്ദ്ര സർക്കാർ ജീവനക്കാരനാണ്. രണ്ട് ഗുണഭോക്താക്കൾക്കുമായി ആടിനെ വാങ്ങുന്നതിനുള്ള ധനസഹായ മിനത്തിൽ 6000 രൂപ വീതം 12000 രൂപ അനുവദിച്ചിട്ടുണ്ട്.

**2) കന്നുകുട്ടി വിതരണം (പ്രൊജക്റ്റ് നമ്പർ 25/18-19)**

വകയിരുത്തിയ തുക- 200000

ചെലവുതുക- 200000( വികസന ഫണ്ട് 100000)

പ്രൊജക്ട പ്രകാരം ആനുകൂല്യം കൈപറ്റിയ അജിത.പിടി, അക്ഷയ ഹൗസ്, കരുവണ്ണൂർ എന്നവരുടെ റേഷൻ കാർഡിൽ ഉൾപ്പെട്ട ഭർത്താവ് വിജയൻ സംസ്ഥാന സർക്കാർ ജീവനക്കാരനാണ്. കന്നുകുട്ടിയെ കൈപറ്റിയ മറ്റൊരു ഗുണഭോക്താവായ ദേവകി , കുഴിച്ചാലിൽ വീട്, കരുവണ്ണൂർ എന്നവരുടെ റേഷൻ കാർഡിൽ ഉൾപ്പെട്ട മകൻ ചന്ദ്രൻ സംസ്ഥാന സർക്കാർ ജീവനക്കാരനാണ്. രണ്ട് ഗുണഭോക്താക്കൾക്കും 5000 രൂപ വീതം മൊത്തം 10000 രൂപ അനുവദിച്ചിട്ടുണ്ട്.

**3)പോത്ത് കുട്ടി വിതരണം (പ്രൊജക്ട നമ്പർ 75/18-19)**

വകയിരുത്തിയ തുക- 400000

ചെലവുതുക---- 400000 (വികസന ഫണ്ട്)

പോത്തുകുട്ടി വിതരണ പദ്ധതിയിൽ ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളിൽ ഒരാളായ ബാലൻ പി. കരിവീട്ടിടത്തിൽ, കരുവണ്ണൂർ എന്ന ആൾ സർവീസ് പെൻഷണറും മകൻ ബിജേഷ് സംസ്ഥാന സർക്കാർ ജീവനക്കാരനുമാണ്. മറ്റൊരു ഗുണഭോക്താവ് രാഘവൻ. പി.പുതിയാറമ്പത്ത്, നടുവണ്ണൂർ എന്ന ആളുടെ റേഷൻ കാർഡ് പ്രകാരം ടിയാൻ സർവീസ് പെൻഷണറും മകൻ അനീഷ് കുമാർ സ്വകാര്യ സ്ഥാപനത്തിൽ ജോലിയുള്ള ആളുമാണ്. മറ്റൊരു ഗുണഭോക്താവായ ചാത്തുകുട്ടി, നടുവിലക്കണ്ടി, കാവിൽ എന്നവരുടെ റേഷൻ കാർഡ് പ്രകാരം മകൻ സുബീഷ് കേന്ദ്ര സർക്കാർ ജീവനക്കാരനാണ്. മൂന് ഗുണഭോക്താക്കൾക്കുമായി 5000 രൂപ വീതം 15000 രൂപ പോത്തുകുട്ടി വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്.

സർക്കാർ ജീവനക്കാർ, പെൻഷണർമാർ എന്നിവരടങ്ങുന്ന കുടുംബത്തിന് ആനുകൂല്യങ്ങൾ നൽകുന്നതിന് മുമ്പ് അവരുടെ യഥാർത്ഥ വരുമാനം സംബന്ധിച്ച രേഖകൾ ലഭ്യമാക്കാതെ റേഷൻ കാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ജീവനക്കാർ ഉൾപ്പെടുന്ന കുടുംബങ്ങളിലെ ഗുണഭോക്താക്കൾക്ക് വിവിധ പ്രൊജക്ടുകളിലായി അനുവദിച്ച 37000 രൂപ (12000+ 10000+15000) തടസ്സത്തിൽ വെക്കുന്നു.

## 1-19 വിവിധ പ്രൊജക്ടുകൾക്കായി തുക അടവാക്കി-വിനിയോഗവിവരം ലഭ്യമാക്കിയില്ല.

സെക്രട്ടറി, അസി.സെക്രട്ടറി എന്നിവർ നിർവഹണ ഉദ്യോഗസ്ഥനായി ഏതാനും പ്രൊജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ തുക അടവാക്കിയിട്ടുണ്ട്. എന്നാൽ അടവാക്കിയ തുകയുടെ വിനിയോഗവിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരംതാഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | കൈമാറിയ സ്ഥാപനം | കൈമാറിയ തുക | ബിൽ നമ്പർ/തിയ്യതി |
|---|---|---|---|
| 2/19 .ഐ.കെ.എം വിഹിതം നൽകൽ | I.K.M.തിരുവനന്തപുരം | 75000 | 17/18-19 തീ. 28.7.18 |
| 99/19.സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | K.S.E.B.നടുവണ്ണൂർ | 225416 | 25/18-19 23.11.19 |
| 102/19.വില്ലനിമല കോമൺ ഫസിലിറ്റി സെന്റർ കടിവെള്ളെ ലഭ്യമാക്കൽ | ഭൂജല വകുപ്പ് കോഴിക്കോട് | 40330 | 12/18-19 തി15.3.19 |

മേൽ പ്രൊജക്ടുകളിൽ ക്രമനമ്പർ 1,2 എന്നിവയുടെ നിർവഹണം സെക്രട്ടറിയും ക്രമനമ്പർ 3 അസി.സെക്രട്ടറിയുമാണ് നടത്തിയിരിക്കുന്നത്. അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. ചെലവുതുക 340746/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-20 വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷകളിൽ തീരുമാനം കൈകൊള്ളുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ ലഭ്യമായ വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ, അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഏതാനും അപേക്ഷകളിൽ തീരുമാനം കൈകൊള്ളുന്നതിൽ കാലതാമസം ഉണ്ടായതായി കാണുന്നു. വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ 19-4.17 ന് അപേക്ഷിച്ച ഗോവിന്ദൻ നമ്പ്യാർ പൊട്ടക്കുളങ്ങര മീത്തൽ, കാവിൽ എന്നവരുടെ അപേക്ഷയിലും 4.10.17 ന് അപേക്ഷിച്ച സോമൻ നായർ കരിക്കണ്ടി എന്നവരുടെ അപേക്ഷയിലും തീരുമാനം കൈകൊണ്ടതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിധവാപെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ 10.11..2016 അപേക്ഷിച്ച കല്യാണി.പികെ, പറയറുകണ്ടി, കരുവണ്ണൂർ എന്നവരുടെയും 26.11.16 ന് അപേക്ഷിച്ച ശോഭന വി.പി. വലിയപറമ്പിൽ എന്നവരുടെയും അപേക്ഷകളിൽ തീരുമാനം കൈകൊണ്ടതായി കാണുന്നില്ല. വികലാംഗ പെൻഷൻ അപേക്ഷകളിൽ 17-12.19 ന് ശേഷം 27.12.19 വരെ ലഭിച്ച 4 അപേക്ഷകളിലും തീരുമാനം കൈകൊണ്ടിട്ടില്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 1-21 എസ്.സി വിദ്യാർഥികൾക്ക് മേശയും കസേരയും -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി - എസ്.ഒ 71/19

അടങ്കൽ - 300000

ചെലവ് - 293820

ബിൽ നമ്പർ, തിയ്യതി - 3/18-19/7.03.2019

പഞ്ചായത്തിലെ എൽ.പി സ്കൂളിൽ പഠിക്കുന്ന എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് പഠന മേശയും കസേരയും വാങ്ങി നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത് . 3540 രൂപ വിലയുള്ള 60 മേശകളും 1357 രൂപ വിലയുള്ള 60 കസേരകളും പദ്ധതി പ്രകാരം സിഡ്കോയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) <u>**പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ മുഴുവൻ വിതരണംചെയ്തില്ല**</u>

പദ്ധതി പ്രകാരം സിഡ്കോയിൽ നിന്ന് ഇൻവോയ്സ് നം. KKD/18-19/176/21.02.2019 പ്രകാരം 60 വീതം മേശകളും കസേരകളും വാങ്ങിയിട്ടുണ്ട്.ഇതിൽ 54 കസേരകളും മേശകളും മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. സ്റ്റോക്ക് റജിസ്റ്റർ പ്രകാരം വിതരണം ചെയ്യാത്ത 6 മേശകളും കസേരകളും കാവുന്തറ GWLP സ്കൂളിൽ സൂക്ഷിച്ചിരിക്കുകയാണ്. 26.02.2020 ന് സ്ഥല പരിശോധന നടത്തിയപ്പോൾ ഈ ഫർണിച്ചറുകൾ സ്കൂളിൽ സൂക്ഷിച്ചതായി കാണുകയുണ്ടായി.

2)<u>**പ്രൈസ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.**</u>

ഫർണിച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങുകയാണ് ചെയ്തത്.

സിഡ്കോയുടെ വിതരണ അംഗീകാരമുള്ള പ്രൈസ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) **വാങ്ങൽ നടപടികളുടെ പ്രോക്യുർമെന്റ് കമ്മിറ്റി അംഗീകാരം**

ഗ്രാമ പഞ്ചായത്ത് വാങ്ങൽ നടപടി ക്രമങ്ങളിൽ 08.11.2010 ലെ ജി.ഒ(പി)/259/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പ്രൊക്വയർമെന്റ് കമ്മറ്റികൾ പരിശോധിച്ചോ എന്നറിയാൻ പ്രൊക്വയർമെന്റ് കമ്മറ്റി മിനട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ്എൻക്വയറി.നം.17/ 18-19 തിയ്യതി 26.02.2020 യ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 ഡെപ്പോസിറ്റ് പ്രവർത്തിയ്ക്ക് മുൻകൂർ നൽകിയതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - എസ്.ഒ 96/19 ഇളയിടത്ത് താഴെ കോക്കരമീത്തൽ റോഡ് ടാറിങ്ങ്

ചെലവ് - 495000

ബിൽ നമ്പർ, തിയ്യതി - 57/19.03.19 -ധനകാര്യ കമ്മീഷൻ അവാർഡ്

കരാർ - 9898/KYEP/CE/14.03.2019

ജലസേചന വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ ഇളയിടത്ത് താഴെ കോക്കരമീത്തൽ റോഡ് സോളിങ്ങ് മെറ്റലിങ്ങ് ടാറിങ്ങ് പ്രവർത്തി നടത്താനാണ് ജസേചന വകുപ്പിന് 495000 രൂപ അനുവദിച്ചത് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1 - ജലസേചന വകുപ്പ് ഈ പ്രവർത്തി പൂർത്തിയാക്കിയതിന്റെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. ഈ ഡെപ്പോസിറ്റ് പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല.

2. 29.01.2018 ലെ ജി.ഒ. (കൈ)11/2018/തസ്വഭവ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗ രേഖ 11.2.3.ഡി പ്രകാരം കുടിവെള്ള സ്കീമുകൾ ജലഅതോറിറ്റി മുഖേന ഡെപ്പോസിറ്റ് പ്രവർത്തിയായി നടപ്പിലാക്കാവുന്നതാണ്. ഇവിടെ റോഡ് പ്രവർത്തിയ്ക്കാണ് ജലസേചന വകുപ്പിന് ഡെപ്പോസിറ്റ് വർക്കായി മുൻകൂർതുക അനുവദിച്ചിട്ടുള്ളത്.

3. ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ച് ഒരു റോഡ് നിർമ്മിക്കേണ്ടതായി വന്നാൽ ടി വകുപ്പിന്റെ അനുവാദത്തോടെ പ്രവർത്തിയേറ്റെടുത്ത് ചെയ്യാവുന്നതാണ്. ഇവിടെ സ്വന്തമായി എഞ്ചിനീയറിങ്ങ് സംവിധാനമുള്ള പഞ്ചായത്ത് റോഡ് പ്രവർത്തി നടത്തിപ്പിനായി ജലസേചന വകുപ്പിന് മുൻകൂർ തുക അനുവദിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ഈ പ്രവർത്തി ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് സർക്കാർ പ്രത്യേക അനുവാദം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

4. സ്വന്തമായി എഞ്ചിനിയറിങ്ങ് സംവിധാനമുണ്ടായിട്ടും ജലസേചന വകുപ്പ് വഴി പ്രവർത്തി നടത്താൻ തീരുമാനിച്ചത് വഴി സെന്റേജ് ചാർജായി 54458 രൂപ അധികം ചെലവഴിയ്ക്കേണ്ടതായി വന്നിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 27.02.2020 ന് നടന്ന എക്സിറ്റ് മീറ്റിങ്ങിൽ പ്രവർത്തി നടത്തിയിട്ടില്ല എന്ന് എ.ഇ വിശദീകരിയ്ക്കുകയുണ്ടായി. 495000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 എസ്.എസ്.എ .പദ്ധതി യുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് പങ്ക് വഹിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി - എസ്.ഒ 04/19

അടങ്കൽ - 800000

ചെലവ് - 800000, ബിൽ നമ്പർ, തിയ്യതി - 1/18-19/11.07.2018,)

പഞ്ചായത്തിൽ എസ്.എസ്.എ പദ്ധതിയുടെ നടത്തിപ്പിനായി 800000 രൂപ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാ പ്രോഗ്രാം ഓഫീസർ 2454000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. സ.ഉ (കൈ)11/2018/തസ്വഭവ /29.01.2018 നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകാരം എസ്.എസ്.എ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഈ പദ്ധതികളുടെ രൂപീകരണത്തിൽ ഗ്രാമ പഞ്ചായത്ത് യാതോരു ഇടപെടലും നടത്തിയിട്ടില്ല. വിദ്യാർഥികളുടെ പഠന നിലവാരം ഉയർത്തുക, സർഗ്ഗാത്മക ശേഷി വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക, ക്ലാസ് മുറികൾ ഉണ്ടാക്കുക തുടങ്ങിയ ആവശ്യങ്ങൾ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടെങ്കിലും അത്തരം പ്രൊജക്ടുകളൊന്നും എസ്.എസ്.എ യിൽ നടത്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 അടിസ്ഥാന സൗകര്യം ഒരുക്കാതെ കായിക പരിശീലനത്തിന് ഉപകരണങ്ങൾ വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി - എസ്.ഒ. 73/19 എൽ.പി. വിഭാഗം വിദ്യാർഥികൾക്ക് കായിക പരിശീലനം

ചെലവ് - 86288 രൂപ

ചെക്ക് നമ്പർ, തിയ്യതി - 1731318/6.3.19-തനത് ഫണ്ട്

സ്കൂൾ തലത്തിൽ കായിക അക്കാദമി രൂപീകരിച്ച് പഞ്ചായത്തിലെ എല്ലാ ഗവൺമെന്റ് സ്കൂളുകളിലെയും എൽ.പി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് കായിക പരിശീലനം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയിൽ 86288/- രൂപയ്ക്ക് കോസ്മോസ് സ്പോർട്സ് വേൾഡ് എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ വഴി 15 ഇനം സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് റജിസ്റ്റർ പ്രകാരം ഈ ഉപകരണങ്ങൾ കാവുന്തറ GWLP സ്കൂളിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഈ സ്കൂളിനെയാണ് കായിക പരിശീലന കേന്ദ്രമായി നിശ്ചയിച്ചിട്ടുള്ളത്. 26.02.2019 ന് രാവിലെ 11 മണി ക്ക് പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. അനിൽകുമാർ കെ.പി യുടെ സാന്നിധ്യത്തിൽ പ്രസ്തുത സ്ഥാപനത്തിൽ സന്ദർശിച്ച് പരിശോധന നടത്തിയപ്പോൾ ഈ ഉപകരണങ്ങൾ ഒരു ക്ലാസ് മുറിയിൽ കൂട്ടിയിട്ട നിലയിലാണ് ഉള്ളത്. കായിക പരിശീലന കേന്ദ്രം എന്ന് സ്കൂളിന് മുന്നിൽ ബോർഡ് എഴുതി വെച്ചിട്ടുണ്ട്. എന്നതല്ലാതെ പദ്ധതി പ്രകാരമുള്ള പരിശീലനങ്ങളൊന്നും തുടങ്ങിയിട്ടില്ല. ഈ ഉപകരണങ്ങൾ സെറ്റ് ചെയ്യുന്നതിന് കെട്ടിട സൗകര്യം ഏർപ്പെടുത്താതെയാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-25 എം.സി.എഫ് കെട്ടിട നിർമ്മാണം- പ്രവർത്തി പൂർത്തിയായിട്ടും മാലിന്യ ശേഖരണത്തിന് കെട്ടിടം ഉപയോഗിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പാക്കിയ 159/19 നമ്പർ പദ്ധതി പ്രകാരം ശുചിത്വ മിഷനിൽ ലഭിച്ച ഫണ്ട് ഉപയോഗിച്ച് (903010 രൂപ ചെക്ക് നം. 1731308/2-2-19) എം.സിഎഫ് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 26-2-2020-ന് ഈ കെട്ടിട നിർമ്മാണ സ്ഥലത്ത് പരിശോധന നടത്തിയതിൽ കെട്ടിടം പ്രവർത്തനസജ്ജമാണ്. എന്നാൽ പഞ്ചായത്ത് ജൈവമാലിന്യം ശേഖരിക്കുന്നതിനായി ഈ കെട്ടിടം ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. നിലവിൽ ഹരിതകർമ്മ സേന

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ അയൽക്കൂട്ട അടിസ്ഥാനത്തിൽ ശേഖരിച്ച് നിറവിലേക്ക് നൽകുയാണ് ചെയ്യുന്നത്. നിർവ്വഹണം പൂർത്തിയാക്കിയ എം.സി.എഫ് കെട്ടിടം മാലിന്യ ശേഖരണത്തിന് ഉപയോഗിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പാക്കി ചില സ്പിൽ ഓവർ പ്രൊജക്ടുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ നിർണയിക്കുന്നത്. പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn /PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രോജക്ടുകളിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്.

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം എന്ന തോതിൽ യഥാർത്ഥത്തിൽ നിർണയി ക്കേണ്ടിയിരുന്നതിന് പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ 2018-19ൽ ടെണ്ടർ ചെയ്ത് കരാർ വച്ച ചില പ്രവർത്തികളിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധിക തുക നൽകേണ്ടിവന്നിട്ടുണ്ട്.

പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മുൻകൂക്കം കൊടുക്കേണ്ടതാണ്. താഴെ പറയുന്ന എല്ലാ പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചതും കരാർ വച്ചതും ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണ് ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി, കരാർ | ആകെ ചെലവ് | ബിൽ /ചെക്ക് നം തീയതി |
|---|---|---|---|
| 1 | 132/18-19ആയുർവ്വേദ ഡിസ്പെൻസറി അടിസ്ഥാന സൗകര്യ വികസനം AE/LSGD/NDR/ 24/17-18/07.02.2018 കരാറുകാരൻ-.ശ്രീ.ഗോപാലൻ.കെ | 684348/- | 19/18-19/15.11.2018 711334/13.11.2018 |
| 2 | 136/18-19ജി.യു.പി.കരുവണ്ണൂർ ക്ലാസ്സ് റൂം പൂർത്തീകരണം AE/LSGD/NDR/09/17-18/26.12.2017 കരാറുകാരൻ-.ശ്രീ.ഗോവിന്ദൻ നായർ | 210858/- | 7/18-19/31.07.2018 |
| 3 | 129/18-19ചെമ്പോട്ടുകണ്ടി അരിവയൽ ഫുട്പാത്ത് കോൺക്രീറ്റിങ്ങ് AE/LSGD/NDR/03/17-18/26.12.2017 കരാറുകാരൻ-.ശ്രീ.വി.ബഷീർ | 184492/- | 21/18-19/15.11.2018 |
| 4 | 130/18-19 വാകയാട് ബസ്റ്റാന്റ് റോഡ് പുനരുദ്ധാരണം AE/LSGD/NDR/06/17-18/26.12.2017 കരാറുകാരൻ-.ശ്രീ.സുരേഷ്.ടി | 493816/- | 13/18-19/14.08.2018 |
| 5 | 128/18-19 മത്തിൻ കുഴി വില്ലുന്നിമല ലക്ഷം വീട് റോഡ് മെറ്റലിങ്ങ് ടാറിങ്ങ് AE/LSGD/NDR/17/ 17-18/07.02.2018 കരാറുകാരൻ-.ശ്രീ.സുരേഷ്.ടി | 459560/- | 08/18-19/31.07.2018 |

| | | | |
|---|---|---|---|
| 6 | 125/18-19മലാൽ മുക്ക് വില്ലോറമല റോഡ് സൈഡ് കെട്ടൽ AE/LSGD/NDR/06/17-18/ 26.12.2017 കരാറുകാരൻ-.ശ്രീ.ഗോവിന്ദൻ നായർ | 200000/- | 5,6/18-19/31.7.18 |
| 7 | 131/18-19പുല്ലരിക്കുന്ന് ചെണിക്കുന്ന് റോഡ് സോളിങ്ങ്,ടാറിങ്ങ്,മെറ്റലിങ്ങ് AE/LSGD/NDR/ 26/17-18/14.03.2018 കരാറുകാരൻ-. ശ്രീ.കെ.വി.മുഹമ്മദ് അഷറഫ് | 479285/- | 14/18-19/14.08.2018 |
| 8 | 127/18-19 കൊയമ്പ്രത്ത് താഴെ എടോത്ത് താഴെ റോഡ് റോഡ് പുനരുദ്ധാരണം AE/LSGD/NDR/12/17-18/07.02.2018 കരാറുകാരൻ-.ശ്രീ.ടി.സുരേഷ് | 497075/- | 10,11/18-19/31.7.18 |
| 9 | 122/18-19ചെങ്ങോട്ട് പാറ കിഴ്ക്കോട്ടക്കടവ് റോഡ് കോൺക്രീറ്റ് AE/LSGD/NDR/14/17-18/ 07.02.2018 കരാറുകാരൻ-.ശ്രീ.സുരേഷ്.ടി | 464529/- | 24/18-19/15.11.18 |
| 10 | 134/18-19കരുമ്പാ പൊയിൽ അങ്കണവാടി ചുറ്റുമതിൽ AE/LSGD/NDR/05/17-18/26.12.2017 കരാറുകാരൻ-.ശ്രീ.അരിക്കുളം കോൺട്രാക്ടേർസ് സൊസൈറ്റി | 97701/- | 01/18-19/19.05.18 |
| 11 | 124/18-19 ഉട്ടമ്പ്രമല കോളനി പുതിയോട്ടിൽ പാറ കൾവർട്ട് AE/LSGD/NDR/05/17-18/26.12.2017 കരാറുകാരൻ-.ശ്രീ.കെ.വി.മുഹമ്മദ് അഷറഫ് | 200000 /-. | 1449044/05.12.18 |
| 12 | 121/18-19 ഐ.എച്ച്.ഡി.പി സബ്സെന്റർ പുനരുദ്ധാരണം AE/LSGD/NDR/10/18-19/ 23.04.2018 കരാറുകാരൻ-.ശ്രീ.കുഞ്ഞിക്കണ്ണൻ | 135000/- | 118035/23.11.2018 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കാതിരിക്കാൻ അധികൃതരുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 പൊതു മരാമത്ത് പ്രവർത്തികൾ- നടത്തിപ്പിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പഞ്ചായത്തിലെ പൊതു മരാമത്ത് പ്രവൃത്തികളിൽ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. **പൊതു മരാമത്ത് പ്രവർത്തി ബില്ലിൽ നിന്ന് അധികമായി ഓവർ ഹെഡ് ചാർജ് ഈടാക്കുന്നു**

പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ് വെയർ വഴി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് ജി.ഓ(ആർ.ടി)2480/ 2010/ തസ്വഭവ/29.07.2010 നമ്പർ ഉത്തരവ് പ്രകാരം 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ്. MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതുമാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പ്രവൃത്തികൾക്ക് 20% വും OH കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽപറഞ്ഞ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്, സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള

ചെലവ്, ലേബർ നിയമപ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്, മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്, വാച്ച് & വാർഡ് ഏർ പ്പെടുത്തുന്നതിനുള്ള ചെലവ്, നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയാണ്. ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ മേൽപറഞ്ഞവ അപ്രസക്തവുമായ ഘടകങ്ങൾ ആണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതായതു കൊണ്ടും ഇതുതന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് ചെലവ് മാത്രം വരുമെന്നതിനാലും മേൽപറഞ്ഞ ചെലവുകൾ കരാറുകാരന് വഹിക്കേണ്ടി വരുന്നില്ല. എന്നാൽ വലിയ പ്രവൃത്തികൾക്കെന്ന പോലെ ഓവർഹെഡ് ചാർജ്ജ് പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. ഈ സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണ ത്തിന് 5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത് . മേൽ സാഹചര്യത്തിൽ കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക തുക നൽകിയിട്ടുണ്ട്.

2.**കണക്ടിവിറ്റി മാപ്പില്ലാതെ റോഡു പ്രവർത്തികൾ നടപ്പിലാക്കുന്നു**

ജി.ഒ. (എം.എസ്)11/2018/തസ്വഭവ/29.01.2018 നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 7-13 പ്രകാരം റോഡ് കണക്ടി വിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതി ന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത് പഞ്ചായത്ത് തൻ വർഷം പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കുന്ന തിന് തയ്യാറാക്കിയിട്ടുള്ള റോഡ് പ്രവർത്തികളിൽ സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ നടപ്പിലാക്കിയത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെ പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും പ്രവർത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവുണ്ടാകുന്നതിനും സാഹചര്യം ഉണ്ടാക്കുന്നു. കണക്ടിവിറ്റിമാപ്പിന്റെ അടിസ്ഥാനത്തിൽ സമഗ്ര പദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതി കളാണ് തയ്യാറാക്കി നടപ്പിലാക്കുന്നത്.

3.**റോഡു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

റോഡ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള റോഡ് പ്രവർത്തികൾ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡിലാണോ എന്ന് പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

4.**ആസ്തി രജിസ്റ്റർ പൂർണമല്ല.**

ആസ്തി രജിസ്റ്റർ കാലാനുസൃതമായി പരിഷ്കരിച്ച് കാര്യക്ഷമമാക്കിയിട്ടില്ല പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവർത്തികൾ പൂർണമായും ആസ്തി രജിസ്റ്ററിൽ ചേർത്തിയിട്ടില്ല. ചില പ്രവർത്തികൾ ആസ്തി രജിസ്റ്ററുമായി ഒത്തു നോക്കിയപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ. കൊയമ്പ്രത്ത് താഴെ എടോത്ത് താഴെ റോഡ് ആസ്തി രജിസ്റ്റർ ക്രമ നമ്പർ 83 പ്രകാരം 160240 രൂപ ചെലവഴിച്ച് 2003-04 നിർമ്മിച്ചതാണെന്നും എം.പി ഫണ്ടുപയോഗിച്ച് പ്രവർത്തി പൂർത്തിയാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ചെയിനേജ് വ്യക്തമാക്കിയിട്ടില്ല. 2018-19ൽ 127/19 ഈ റോഡ് പുതിയ റോഡായി സോളിങ്ങ് ടാറിങ്ങ് മെറ്റലിങ്ങ് പ്രവർത്തികൾ 497075 രൂപ ചെലവഴിച്ച് നടത്തിയിട്ടുണ്ട്. ഈ വിവരം ആസ്തി രജിസ്സറിൽ വ്യക്തമല്ല.അപാകത വിശദീകരിയ്ക്കേണ്ടതാണ്.

ബി. 122/19 നമ്പർ പ്രൊജക്ട് പ്രകാരം ചെങ്ങോട്ടുപാറ പാറ കീഴ്ക്കോട്ടുക്കടവ് റോഡ് കേൺക്രീറ്റിനായി 464529 രൂപ ചെലവഴിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരം ഇല്ല. 2007-08 മെയിന്റനൻസ് പൂർത്തിയാക്കിയ 250 മീറ്റർ റോഡാണ് ആസ്തി രജിസ്റ്ററിൽ കാണുന്നത്.

സി. 131/19 നമ്പർ പ്രൊജക്ട് പ്രകാരം നടപ്പിലാക്കിയിട്ടുള്ള പുല്ലരിക്കുന്ന് ചേണിക്കുന്ന് റോഡ് സോളിങ്ങ് മെറ്റലിങ്ങ് ടാറിങ്ങ് പ്രവർത്തിയിൽ 479285 രൂപ ചെലവഴിച്ച് പുതിയ റോഡ് നിർമ്മിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്ററിൽ ഇതേ പേരിലുള്ള 800 മീറ്റർ റോഡ് 2009-10 വർഷത്തിൽ മെയിന്റനൻസ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. നിർമ്മിച്ച വർഷം രേഖപ്പെടുത്തിയിട്ടില്ല.

5. **പ്രവർത്തികൾ മോണിറ്റർ ചെയ്യുന്നില്ല**

പഞ്ചായത്തിൽ തൻ വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവർത്തി ഫയലുകളിലൊന്നിലും മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. **പ്രവർത്തികൾ നടപ്പിലാക്കാത്തത് ഫണ്ട് നഷ്ടമാകുന്നതിനിടയാക്കുന്നു**

പഞ്ചായത്ത് തൻ വർഷം 76 പൊതുമരാമത്ത് പ്രവർത്തികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇതിൽ 21 എണ്ണം നടപ്പിലാക്കിയിട്ടില്ല. ഈ പ്രവർത്തികൾക്ക് വേണ്ടി വകയിരുത്തിയ തുകകൾ പഞ്ചായത്തിന് നഷ്ടമായി. കൂടാതെ ഈ വർഷത്തെ ഫണ്ടിൽ നിന്ന് 27 സ്പിൽ ഓവർ പ്രവർത്തികൾക്ക് തുക വകയിരുത്തി ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

7. **കൃത്യമായ അവസ്ഥാ രേഖയുടെ അടിസ്ഥാനത്തിലല്ല പദ്ധതികൾ തയ്യാറാക്കുന്നത്.**

ജി.ഒ (എം.എസ്)11/2018/തസ്വഭവ/29.01.2018 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് വർക്കിങ്ങ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരിക്കുന്നതിന് മുന്നോടിയായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വികസന മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും വിശകലനം ചെയ്ത് ലക്ഷ്യം നേടുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവ ഉൾപ്പെട്ടതായിരിക്കണം സ്റ്റാറ്റസ് റിപ്പോർട്ട്. ഇവിടെ വിശദമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. മുൻ വർഷങ്ങളിൽ ഏറ്റെടുത്ത പ്രൊജക്ടുകളുടെ വിശദാംശങ്ങൾ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ എന്നിവ അവസ്ഥാരേഖയുടെ ഭാഗമാക്കിയിട്ടില്ല.തയ്യാറാക്കിയിട്ടുള്ള സ്റ്റാറ്റസ് റിപ്പോർട്ടിലെ പല പദ്ധതി നിർദ്ദേശങ്ങളും പോതുമരാമത്ത് മേഖലയിൽ പദ്ധതികൾ രൂപീകരിച്ചപ്പോൾ പരിഗണിച്ചിട്ടില്ല.

7. **വർക്കിങ്ങ് ഗ്രൂപ്പ് ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നു.**

ജി.ഒ (എം.എസ്)11/2018/തസ്വഭവ/29.01.2018 നമ്പർ ഉത്തരവ് 3.12 പ്രകാരം വർക്കിങ്ങ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണത്തിൽ വഹിക്കേണ്ട പങ്കുകൾ വിശദമാക്കുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ ഇത് പ്രകാരം പഞ്ചായത്തിലെ പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് പ്രവർത്തിക്കുന്നതായി കാണുന്നില്ല. 2018-19 വർഷത്തെ പദ്ധതികളുടെ മോണിറ്ററിങ്ങും 2019-20 വർഷത്തെ പദ്ധതി രൂപീകരണവും വർക്കിങ്ങ് ഗ്രൂപ്പ് വഴിയല്ല നടത്തിയത് എന്ന് വ്യക്തമാണ്. കാരണം 2019ൽ ഒരു തവണ പോലും പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് യോഗം ചേർന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **1-28** കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജിഒ.(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പിഎസിയുടെ1% ഫൈൻ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | ആയുർവ്വേദ ആശുപത്രി അടിസ്ഥാന സൗകര്യമൊരുക്കൽ 132/19 (ബിൽ 19/ 18-19/15.11.18- 489000/-ചെക്ക് നം- 711334/13.11.18 - 195348) കരാർ തുക 699166.62 | 15.12.17 | AE/LSGD/NDR/24/ 17-8 / 07.02.2018 ശ്രീ.ഗോപാൻ.കെ | 6991/- |
| 2 | നടുവണ്ണൂർ വാകയാട് റോഡ് പുനരുദ്ധാരണം 130/19 (ബിൽ 13/ 18-19/14.08.18 ,493816/-) കരാർ തുക 497926 | 28.11.17 | AE/LSGD/NDR/06/ 17-8 / 26.12.17ശ്രീ.സുരേഷ് .ടി | 4979/- |
| 3 | മാത്തിൻ കുഴി വില്ലുന്നി മല ലക്ഷം വീട് റോഡ് മെറ്റലിങ്ങ് 128/19 (ബിൽ 08/ 18-19/ 31.07.18 , 459560/-) കരാർ തുക 499183.32 | 30.12.2017 | AE/LSGD/NDR/17/17-18 / 07.02.2018 ശ്രീ.ടി.സുരേഷ് | 4991/- |
| 4 | സി.എച്ച് റോഡ് മുതൽ കോട്ടൂർ പഞ്ചായത്ത് റോഡ് വരെ സോളിങ്ങ് മെറ്റലിങ്ങ്, ടാറിങ്ങ് 97/19 (ബിൽ 36/ 18-19/28.12.18 ,495000/-) കരാർ തുക 495000 | 25.06.18 | AE/LSGD/NDR/24/ 18-19 / 28.12.18 ശ്രീ.ശ്രീനാഥ്.എം.സി | 4950/- |
| 5 | പൈങ്കിലാട്ട് താഴെ തയ്യുള്ളതിൽ മുക്ക് റോഡ് 50/19 (ബിൽ 30/ 18-19/12.12.18 ,495000/-) കരാർ തുക 495000 | 25.06.18 | AE/LSGD/NDR/23/ 18-19 / 19.09.18 ശ്രീ.ശ്രീനാഥ്.എം.സി | 4950/- |
| 6 | പള്ളിയത്ത് പൊയിൽ അലേമ്പ്ര വെങ്ങിലേരി റോഡ് 61/18-19 (ബിൽ 47/15.03.19,495000/-) കരാർതുക 495000 | 25.06.18 | AE/LSGD/NDR/18/ 18-19 / 05.09.18 ശ്രീ.കെ.കെ.അബു | 4950/- |
| | | | ആകെ | 31811 |

മേൽ കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കൂടാതെ പ്രവർത്തി ഫയലുകളിലധികവും ചിലതിൽ സെലക്ഷൻ നോട്ടീസ് വച്ചിട്ടില്ലാത്തതിനാലും ചിലതിൽ സെലക്ഷൻ നോട്ടീസിൽ തീയ്യതി എഴുതിയിട്ടില്ലാത്തതിനാലും സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത് . അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 14/2018-19. 26.02.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 31811/- രൂപ കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-29 കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല.

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവർത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി.നമ്പർ, തിയ്യതി. | ടി.എസ്. പ്രകാരം പ്രവർത്തി പൂർത്തീകരണ കാലയളവ് സൈറ്റ് കൈമാറിയ തിയ്യതി | പ്രവർത്തി പൂർത്തീകരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീ കരണം വൈകിയ കാലയളവ് ഈടാക്കേണ്ട പിഴ പി.എ.സി തുകയുടെ ശതമാന ത്തിൽ | | പിഴ (രൂ) |
|---|---|---|---|---|---|---|---|---|
| 1 | 135/18-19 നടുവണ്ണൂർ അങ്കണവാടി അന്താരാഷ്ട്ര നിലവാരത്തി ലേക്കുയർ ത്തൽ | 643013 (നോൺ റോഡ് മെയിന്റ നൻസ് ഫണ്ട് -343013, ധനകാര്യ കമ്മീഷൻ അവാർഡ്-300000) ബിൽനം. 51,52/ 15.3.18 | ശ്രീ.പി.കെ. പ്രകാശൻ 22/17-18/ 07.02.18 | 3 മാസം 07.02.18 | 08.02.2019 എം.ബുക്ക് (245/16-17) കരാർ കാലാവധി കഴിഞ്ഞ് 24.09.18നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 753974 രൂപയുടെ 3% | 22619 |
| 2 | 119/18-19 ആഞ്ഞോളിത്താഴ ശ്മശാനം റോഡ് പുനരുദ്ധാരണം | 297764 (റോഡ് മെയിന്റ നൻസ് ഫണ്ട് 200000, തനത് ഫണ്ട്- 97764) ബിൽനം. 53/15.03.19, ചെക്ക്- 1731324/ 21.03.19 | ശ്രീ.ഡി.എം. കഞ്ഞിക്കണ്ണൻ 09/118-19/ 23.04.18 | 6 മാസം 23.04.18 | 23.02.2019 എം.ബുക്ക് (142/18-19) കരാർ കാലാവധി കഴിഞ്ഞ് 28.01.19നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 400000 രൂപയുടെ 3% | 12000 |
| 3 | 137/18-19 പഞ്ചായത്ത് ഓഫീസ് റെക്കോഡ് റൂം സൗകര്യ പ്പെടുത്തൽ ഓഫീസ് | 413038 (തനത് ഫണ്ട്) ചെക്ക് നം. 1731309/ 06.02.19 | ശ്രീ.പി.കെ പ്രകാശൻ 23/17-18/ 07.02.18 | 3മാസം 07.02.18 | 05.01.2019 എം.ബുക്ക് (244/16-17) കരാർ കാലാവധി കഴിഞ്ഞ് 15.10.18നാണ് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 530033.91 രൂപയുടെ 3% | 15901 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | പെയിന്റിങ്ങ് | | | | പ്രവർത്തി തുടങ്ങിയത്. 05.11.18ൽ റിവൈസ് ചെയ്തു | | | |
| 4 | 124/18-19 ഉദുമ്പ്രമല കോളനി പുതിയോട്ടിൽ പാറ കൾവർട്ട് | 200000 (തനത് ഫണ്ട്) ചെക്ക് നം . 1449044/ 05.12.2018 | ശ്രീ.കെ.വി മുഹമ്മദ് അഷറഫ് 27/17-18/ 03.03.18 | 6മാസം 03.03.18 | 26.11.2018 എം.ബുക്ക് (129/18-19) കരാർ കാലാവധി കഴിഞ്ഞ് 15.10.18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 200000 രൂപ യുടെ 3% | 6000 |
| 5 | 119/18-19 ആഞ്ഞോളിത്താഴ ശ്മശാനം റോഡ് | 297764 (റോഡ് മെയിന്റനൻസ് ഫണ്ട് -200000 തനത് ഫണ്ട് 97764) ബിൽനം. 53/15.03.19/ ചെക്ക്- 1731324/ 21.03.19 | ശ്രീ.ഡി.എം. കുഞ്ഞിക്കണ്ണൻ 09/17-18/ 23.04.18 | 5 മാസം 23.04.18 | 23.02.2019 എം.ബുക്ക് (142/18-19) കരാർ കാലാവധി കഴിഞ്ഞ് 28.01.2019നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 300000 രൂപ യുടെ 3% | 9000 |
| 6 | 146/18-19 പീറ്റയുള്ള തിൻമുക്ക് ഇല്ലത്ത് താഴ റോഡ് പുനരുദ്ധാ രണം | 129298 (എം.ജി. റോഡ് ഫണ്ട്) ബിൽ നം 2/19.05.2018 | ശ്രീ.ദിലീഷ്. കെ.കെ 30/16-17/ 29 .03.2017 | 4 മാസം 29.03.2017 | 27.03.2018 എം.ബുക്ക് (226/18-19) കരാർകാലാ വധി കഴിഞ്ഞ് 15.11.2017 ൽ പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനോട് വിശദീകരണം ചോദിച്ചെങ്കിലും നടപടിയൊന്നും എടുത്തിട്ടില്ല .12.03.2018 നാണ് പ്രവർത്തി തുടങ്ങിയത്. | ഒറിജിനൽ കാലാവധി യുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 300000 രൂപയുടെ 3% | 9000 |
| | | | | | | | ആകെ | 74520 |

മേൽ പ്രവർത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവർത്തി കലണ്ടർ ഇല്ല. ടിഎസ് സ്ലിപ്പ്, ടെണ്ടർ നോട്ടീസ് എന്നിവ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയാണ് ചേർത്തിട്ടുള്ളത്. 1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ

വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവർത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. സൈറ്റ് കൈമാറി വളരെ കാലം കഴിഞ്ഞാണ് പ്രവർത്തി ആരംഭിക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീകരിക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിക്കുന്നില്ല. ഇത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്. സെക്ഷൻ 2005 പ്രകാരം site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എം.ഇ മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംമ്പന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 19/2018-19. 26.02 2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 74520/- ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-30 വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതികൾ - വിഭാവനം ചെയ്ത ലക്ഷ്യം പൂർത്തീകരിച്ചില്ല

വി.ഇ.ഒ. നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളിൽ വിഭാവനം ചെയ്ത ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല എന്നാണ് പരിശോധനയിൽ നിന്നും വ്യക്തമാവുന്നത്.

പ്രോജക്ട് : ഗാർഹിക ബയോഗ്യാസ് പ്ലാന്റ് വിതരണം

1. നം : 41/19

നിർവ്വഹണം : വി.ഇ.ഒ

അടങ്കൽ : വികസന ഫണ്ട് പൊതു വിഭാഗം (സാധ) – 3,15,000/-

ഗുണഭോക്തൃവിഹിതം – 3,15,000/-

ആകെ അടങ്കൽ : 6,30,000/-

ചെലവ് : 39,332/-

2. പ്രോജക്ട് : ഉറവിട മാലിന്യ സംസ്കരണം (റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റ്)

പ്രോജക്ട് നം : 34/19

നിർവ്വഹണം : വി.ഇ.ഒ

അടങ്കൽ : വികസന ഫണ്ട് പൊതു വിഭാഗം (സാധ) -1,50,000

തനത് ഫണ്ട് - 50,000

മറ്റുള്ളവ - 2,00,000

ആകെ : - 4,00,000

ചെലവ് : 94620/-

ബിൽ നം. : 07/18-19 തി. 21-3-2019.

മേൽ പ്രോജക്ടുകളിൽ പ്രോജക്ട് നം.41/19 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് വിതരണം എന്ന പ്രോജക്ടിനായി 6,30,000/- രൂപ വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചിരിക്കുന്നത് വെറും 39,332/- രൂപ മാത്രമാണ്. 78 പേർ ഗുണഭോക്തൃ ലിസ്റ്റിൽപ്രസ്തുത പ്രോജക്ടിനായി ഉണ്ടായിരുന്നതെങ്കിലും 4 പേർക്ക് മാത്രമാണ് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കിയിരിക്കുന്നത്.

പ്രോജക്ട് നം. 34/19-ഉറവിട മാലിന്യ സംസ്കരണം (റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റ്) എന്ന പ്രോജക്ടിനായി 4,00,000- രൂപ വകയിരുത്തിയിരുന്നെങ്കിലും 94620/- രൂപ മാത്രമാണ് ഇതിനായി ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. പ്രസ്തുത പദ്ധതിയ്ക്കായുള്ള ഗ്രാമസഭാ ലിസ്റ്റിൽ 175 പേർ ഉൾപ്പെട്ടിരുന്നെങ്കിലും 160പേർക്ക് (160x2500=4,00,000/-) പ്രോജക്ടിന്റെ ഗുണം ലഭിക്കത്തക്ക രീതിയിലായിരുന്നു പദ്ധതി നിർവ്വഹിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ കേവലം 38 പേർക്ക് മാത്രമാണ് റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ നൽകിയിട്ടുള്ളത്. (38 x1250=47500/-) പദ്ധതിയെക്കുറിച്ച് വേണ്ടത്ര അവബോധം ഗുണഭോക്താക്കൾക്കിടയിൽ ഉണ്ടാക്കാൻ ബന്ധപ്പെട്ടവർക്ക് കഴിഞ്ഞിട്ടില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്.

മേൽ പദ്ധതികൾ ഒന്നും തന്നെ വിഭാവനം ചെയ്ത ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ലക്ഷ്യം കൈവരിക്കുമോയെന്ന് ഉറപ്പാക്കുന്നതിനായി യാതൊരു തരത്തിലുമുള്ള വിലയിരുത്തലോ, മോണിറ്ററിംഗോ വർക്കിംഗ് ഗ്രൂപ്പിന്റേയോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല .

വേണ്ടത്ര പഠനം നടത്താതെയും വലിയ തുക വകയിരുത്തിയും ലക്ഷ്യ പ്രാപ്തിയിലെത്താതെ പോകുന്ന ഇത്തരം പദ്ധതികൾ ഭാവിയിലെങ്കിലും ആവർത്തിക്കാതിരിക്കാനായി ഭരണസമിതിയുടെ ഭാഗത്തുനിന്നുള്ള ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 1-31 ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്ക് ആനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിക്കാനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും 2018-19 വർഷത്തിൽ 1 ഗഡു ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും 1 ഗഡു പണമായി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം വർദ്ധിപ്പിച്ച ശമ്പളത്തിന് ആനുപാതികമായി ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 4 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിലായും പണമായും ലഭിച്ചതായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ എത്രയും പെട്ടെന്ന് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 പാലിയേറ്റീവ് പരിചരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഹോംകെയർ ടീമിന്റെ നേതൃത്വത്തിൽ മികച്ച രീതിയിൽ നടന്നിട്ടുണ്ട്. ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിവരുന്ന നിലയിൽ വീടുകളിൽ ദുരിതമനുഭവിക്കുന്ന വിഭാഗങ്ങളെ കണ്ടെത്തി അവർക്ക് മെച്ചപ്പെട്ട പരിചരണവും സാന്ത്വനവും നൽകാൻ ഹോം കെയർ സംവിധാനം നന്നായിത്തന്നെ പ്രവത്തിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സർക്കാർനിർദ്ദശങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായി എന്നാണ് പരിശോധനയിൽ ബോധ്യപ്പെട്ടത്. ആയത് ചുവടെ ചേർക്കുന്നു.

1) വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

എ) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിക്കേണ്ട കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഓഡിറ്റ് വർഷത്തിൽ 8/6/2018, 16/11/2018, 29/3/2019 എന്നീ തിയ്യതികളിൽ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ ഇവിടെ പാലിച്ചിട്ടില്ല. യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക.

(ബി) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക) ഓഡിറ്റ് കാലയളവിൽ പ്രസ്തുത കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത് 27-6-18, 22-8-18, 28-12-18, 23-3-19 എന്നീ തിയ്യതികളിലായി നാലു തവണ മാത്രമാണ്.

2) പാലിയേറ്റീവ്കെയർ വാഹനം

പാലിയേറ്റീവ് കെയറിന് സ്വന്തമായി വാഹനം ഉണ്ട്. ഇപ്രകാരമുള്ള വാഹനങ്ങൾ സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിലും ആസ്തി രജിസ്റ്ററിലും രേഖപ്പെടുത്തിയ ശേഷം പ്രസ്തുത വാഹനം, പാലിയേറ്റീവ് കെയർ ആവശ്യത്തിനും അതിന് മുടക്കം വരാത്ത രീതിയിൽ ആവശ്യമെങ്കിൽ ആംബുലൻസ് സർവ്വീസിനും ഉപയോഗിക്കുന്നതിനായി തദ്ദേശ സ്ഥാപനത്തിന്റെ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ കൺവീനറായിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് (എച്ച്.എം.സി) രേഖാമൂലം കൈമാറേണ്ടതാണ്. തുടർന്ന് പ്രസ്തുത വാഹനത്തിന്റെ കസ്റ്റോഡിയൻ എച്ച്.എം.സി കൺവീനറായ മെഡിക്കൽ ഓഫീസർ ആയിരിക്കുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന വാഹനം ആരോഗ്യ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിലും ചേർക്കേണ്ടതാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015 ഖ.2-6-5 കാണുക. എന്നാൽ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഈ വാഹനം എച്ച്.എം.സി ക്ക് രേഖാമൂലം കൈമാറിയിട്ടില്ല.

3)സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതല

ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. ആരോഗ്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രോജക്ടും മോണിറ്ററിംഗ് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-11-4 കാണുക. എന്നാൽ പാലിയേറ്റീവ് കെയർ പ്രോജക്ടുമായി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിലെ കമ്മിറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള ചർച്ചകൾ നടന്നതായോ തീരുമാനങ്ങളെടുത്തതായോ കാണുന്നില്ല.

പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ഓഡിറ്റ് നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-33 ലൈബ്രറി സെസ്സ് ഇനത്തിൽ ഈടാക്കിയ തുക മുഴുവനായും സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറിയില്ല.

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9-ൽ 'Dues payable – Library cess' എന്ന ഇനത്തിൽ ബാധ്യതയായി 137160/- രൂപയാണ് കാണിച്ചിരിക്കുന്നത്.

സർക്കുലർ നം. 17263/എൽ.3/ത.സ്വ.ഭ.വ തി. 2-12-2000 പ്രകാരം ഒരോ അർദ്ധ വർഷവും കഴിഞ്ഞ് 30 ദിവസത്തിനകം ലൈബ്രറി സെസ്സ് അടവാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈബ്രറി സെസ്സ് ഇനത്തിൽ 2018-19 വർഷത്തിൽ ഈടാക്കിയ തുക മുഴുവനായും സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി - അവലോകനം

2017 മുതൽ 2022 വരെയുള്ള 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് ഭവന രഹിതരായ പാവപ്പെട്ടവർക്ക് എല്ലാവർക്കും സ്വന്തമായി വാസയോഗ്യമായ ഭവനം ഉറപ്പ് വരുത്തുന്നതാണ് ലൈഫ് പാർപ്പിട പദ്ധതി. ലൈഫ് ഭവന പദ്ധതി രൂപീകരണം, ഗുണഭോക്താക്കളെ നിശ്ചയിക്കൽ, നിർവ്വഹണം എന്നിവ സംബന്ധിച്ച് 31.7.2017 ലെ സ.ഉ(എം.എസ്)നം. 151/2017/തസ്വഭവ ഉത്തരവിൽ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നീതിയുക്തമായും പരാതിരഹിതമായും നാലു വിഭാഗങ്ങളിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തുകയും പ്രൊജക്ടുകൾ തയ്യാറാക്കി ഭവന നിർമ്മാണത്തിന് ധനസഹായം നല്കുകയുമാണ് ചെയ്തു വരുന്നത്. 13ാം പദ്ധതിക്കാലയളവിനുള്ളിൽ താഴെ പറയുന്ന നേട്ടങ്ങൾ കൈവരിക്കുകയാണ് പദ്ധതി ലക്ഷ്യം.

1. സർക്കാർ/ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽപ്പെടുത്തി മുൻകാലങ്ങളിൽ ഭവന നിർ മ്മാണത്തിന് ധനസഹായം അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക.

2. പാവപ്പെട്ട ഭവന രഹിതരിൽ സ്വന്തമായി ഭൂമിയുള്ള എല്ലാവർക്കും വീട് ലഭ്യമാക്കുക.
3. വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം നടത്തുകയും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുകയും ചെയ്യുക.

4. പാവപ്പെട്ട എല്ലാ ഭൂരഹിത – ഭവന രഹിത കുടുംബങ്ങൾക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ നിർമ്മിച്ചു നൽകുക.

ഗ്രാമപഞ്ചായത്തിൽ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷത്തിൽ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

1. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത കുടുംബങ്ങൾ

മുൻ വർഷങ്ങളിൽ വിവിധ പദ്ധതികളിൽ ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചുവെങ്കിലും പല കാരണങ്ങളാൽ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ച് ഉറപ്പുവരുത്തി പട്ടിക തയ്യാറാക്കി ഭരണസമിതി അംഗീകരിച്ച ശേഷം ലൈഫ് MIS -ൽ ഉൾപ്പെടുത്തി. ലൈഫ് മിഷൻ നിർദ്ദേശ പ്രകാരം പ്രസ്തുത പട്ടികയിൽ നിന്നും ഭൗതികമായി ഭവന നിർമ്മാണം പൂർത്തിയാക്കിയവരേയും, സ്ഥലം വിറ്റു പോയവരേയും, മരണപ്പെട്ടവരേയും ഒഴിവാക്കിയ ശേഷം ഗുണഭോക്താക്കളായി 22പേർ (ജനറൽ- 11, എസ്.സി- 11)ഉണ്ടായിരുന്നു. പ്രസ്തുത ഗുണഭോക്താക്കൾ കരാറിലേർപ്പെടുകയും ഭവന നിർമ്മാണം പുനരാരംഭിക്കുകയും ചെയ്തു. 21 പേർ (ജനറൽ- 11 എസ്.സി- 10) ഇതിനോടകം തന്നെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിലേക്കായി എസ്.സി വിഭാഗത്തിന് 21,50,000/- രൂപയും, പൊതു വിഭാഗത്തിന് 18,60,000/- രൂപയും ചെലവു വന്നിട്ടുണ്ട്.

2.സ്വന്തമായി ഭൂമിയുള്ള ഭവന രഹിതരായ കുടുംബങ്ങൾ

കുടുംബശ്രീ പ്രവർത്തകരും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സർവ്വേ പ്രകാരം കണ്ടെത്തിയ ഭൂമിയുള്ള ഭവന

രഹിതരുടെ പട്ടികയിൽ നിന്നും അർഹരായവരുടെ പട്ടിക പഞ്ചായത്ത് ഉദ്യോഗസ്ഥർ ഫീൽഡ്തല പരിശോധന നടത്തി തയ്യാറാക്കുകയും അതത് ഗ്രാമ സഭകൾ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ഭരണസമിതി അംഗീകാരം നൽകിയ ശേഷം ലൈഫ് MIS-ൽ ഉൾപ്പെടുത്തുകയും ചെയ്തു. അർഹരായ 93 പേർക്ക് (ജനറൽ -88, എസ്.സി-5) കരാറിലേർപ്പെടാനും ഭവന നിർമ്മാണം ആരംഭിക്കാനും സാധിച്ചിട്ടുണ്ട്. മികച്ച രീതിയിൽ നിർവ്വഹണം നടക്കുന്ന പദ്ധതിയിൽ 88 പേർ (ജനറൽ -84, എസ്.സി-4) ഇതിനോടകം തന്നെ ഭവന നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പൊതു വിഭാഗത്തിന് 2,04,80,000/- രൂപയും, എസ്.സി വിഭാഗത്തിന് 10,00,000/- രൂപയും ഇതിനായി ചെലവ് വന്നിട്ടുണ്ട്.

പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി 2018-19 വർഷത്തിൽ രണ്ടു പ്രോജക്ടുകൾ( എസ്.സി-1, ജനറൽ-1) ആസൂത്രണം ചെയ്തിരുന്നു.

ലൈഫ് പ്രോജക്ടിന്റെ രണ്ടു ഘട്ടങ്ങൾക്കുമായി 2017-18, 2018-19 വർഷങ്ങളിൽ ആകെ വകയിരുത്തിയ തുക ചുവടെ കൊടുക്കുന്നു.

| | 2017-18 | 2018-19 |
|---|---|---|
| വികസന ഫണ്ട് | 26,47,900/- | 37,97,742/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 10,00,000/- | 15,00,000/- |
| ജില്ല പഞ്ചായത്ത് വിഹിതം | 3,00,000/- | 16,00,000/- |
| ലോൺ & സ്റ്റേറ്റ് ഫണ്ട് | 22,40,000/- | 2,91,20,000/- |
| ആകെ | 61,87,900/- | 3,60,17,742/- |

പഞ്ചായത്ത് പ്രദേശത്ത് സമ്പൂർണ്ണ പാർപ്പിടം എന്ന ലക്ഷ്യം മുൻ നിർത്തിക്കൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ലൈഫ് മിഷൻ പ്രവർത്തനങ്ങൾ ആസൂത്രണത്തിലും നിർവ്വഹണത്തിലും മികവു പുലർത്തി വളരെ നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട് .

## 1-35 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിൽ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് ഇതിനാവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. നവകേരള കർമ്മ പദ്ധതിയുടെ ഭാഗികമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ. (പി)11/18/തസ്വഭവ/ 20.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ സ7-1സി പ്രകാരം ഇതിനാവശ്യമായ പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കണം.

ഗ്രാമ പഞ്ചായത്ത് ജലനിധി സഹായത്തോടെയാണ് പ്രധാനമായും മാലിന്യ നിർമാർജന പദ്ധതികൾ നടപ്പിലാക്കുന്നത്. 4262124 രൂപ ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2 എയറോബിക്ക് കമ്പോസ്റ്റ് യൂണിറ്റ് ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഫീസിലും കാവുന്തറ യു.പിസ്കൂളിലും സ്ഥാപിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്ക് ശേഖരിക്കൽ തുണി സഞ്ചി വിതരണം, വേസ്റ്റ് ബാസ്കറ്റ് സ്ഥാപിക്കൽ, സ്കൂളുകളിൽ കമ്പ്ലസുകൾ സ്ഥാപിക്കൽ, പ്ലാസ്റ്റിക്ക് കുപ്പികൾ ശേഖരിച്ച് വിൽക്കൽ തുടങ്ങിയ പ്രവർത്തികൾ ഇതിൽ ചെയ്തിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിൽ പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട അവസ്ഥാ വിശകലനങ്ങളൊന്നും നടത്തിയിട്ടില്ല. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ സംഭരിച്ച് റീ സൈക്ലിങ്ങ് യൂണിറ്റുകൾക്ക് നൽകുന്നതിനാവശ്യമായ സംഭരണ സംവിധാന കേന്ദ്രം നിർമ്മിച്ചിട്ടുണ്ടെങ്കിലും അത് പ്രവർത്തനം തുടങ്ങിയിട്ടില്ല. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. അതിനായി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. പഞ്ചായത്ത് തൻ വർഷം മാലിന്യ സംസ്കരണത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ടുകൾ | വകയിരുത്തിയ തുക | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 156/19<br>എം.സി.എഫ് കെട്ടിട നിർമ്മാണം | 908661--ശുചിത്വ മിഷൻ ഫണ്ട് | 903010 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 173/19 എം.സി.എഫ് കെട്ടിട പൂർത്തീകരണം | 450000<br>(195914-വികസന ഫണ്ട്<br>254086-തനത് ഫണ്ട്) | ചെലവില്ല | അസിസ്റ്റന്റ് എഞ്ചിനീയർ |
| 41/19 ഗാർഹിക ബയോ ഗ്യാസ് പ്ലാന്റ് വിതരണം | 630000<br>(315000-വികസന ഫണ്ട്<br>315000-ഗുണഭോക്തൃവിഹിതം) | 39332 | വി.ഇ.ഒ |
| 34/19ഉറവിട മാലിന്യ സംസ്കരണം (റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ്) | 400000(150000-വികസന ഫണ്ട്<br>50000-തനത് ഫണ്ട്.200000-ഗുണഭോക്തൃവിഹിതം-) | 94620 | വി.ഇ.ഒ |
| 40/19സമഗ്ര മാലിന്യ നിർമാർജനം | 1270567(570567-വികസന ഫണ്ട്<br>7200000-ഗുണഭോക്തൃവിഹിതം-) | ചെലവില്ല | വി.ഇ.ഒ |

മേൽ പദ്ധതികളിൽ നിന്ന് പഞ്ചായത്ത് ജൈവ മാലിന്യ സംസ്കരണത്തിന് പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും ആയതിൽ ചെലവുതുക നാമമാത്രമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തുനികുതി കണക്കാക്കിയതിലെ അപാകതകൾ-നികുതിയിനത്തിൽ നഷ്ടം

ശ്രീ. മുഹമ്മദ് ബഷീർ, മാക്കാരി, നടുവണ്ണൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സിലെ 7/'എ' മുതൽ 'ജി' വരെയുള്ള കെട്ടിടത്തിന്റെ മുകൾ നിലയിൽ പൂർത്തീകരിച്ച കെട്ടിടത്തിന് നമ്പർ നൽകാൻ തന്ന അപേക്ഷ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ പറയുന്നു.

കെട്ടിടത്തിന്റെ പൂർത്തീകരിച്ച ഒന്നാം നില 194.89ച.മീ ഉണ്ട്. താഴെ നിലയിലെ വിസ്തീർണ്ണം ആകെ 257.4ച.മീ ഉം ആണ്. എന്നാൽ മുകളിലെ നിലയ്ക്ക് (194.89ച.മീ) നികുതി കണക്കാക്കിയപ്പോൾ കെട്ടിടത്തെ, 200 ;.ച.മീ വരെയുള്ള ഷോപ്പിംഗ് മാളായാണ് കണക്കാക്കിയത്. യഥാർത്ഥത്തിൽ 200 ച.മീ ന് മുകളിലുള്ള ഷോപ്പിംഗ് മാളിന്റെ നിരക്കായ 80/ച.മീ എടുക്കേണ്ടതായിരുന്നു. ഇതുമൂലമുണ്ടായ നികുതിനഷ്ടം ചുവടെ കൊടുക്കുന്നു.

| നികുതി കണക്കാക്കിയത് | യഥാർത്ഥത്തിൽ ഉള്ള നികുതി |
|---|---|
| വിസ്തീ.- 194.89 ച.മീ | വിസ്തീ.- 194.89 ച.മീ |
| അടിസ്ഥാന നികുതി നിരക്ക് -40/ച.മീ | അടിസ്ഥാന നികുതി നിരക്ക് -80/ച.മീ |
| നികുതി - 194.89*40= 7796/- | നികുതി - 194.89*80= 15591/- |
| വഴി വർദ്ധനവ്-20% =1559/- | വഴി വർദ്ധനവ്-20% =3118/- |

| | |
|---|---|
| ആകെ - = 9355+(LC= 488) | ആകെ - = 18709+(LC= 935) |
| ആകെ നഷ്ടം | 9354 +(LC-467) |

പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് കെട്ടിടസാമഗ്രികൾ നിർമ്മിച്ചുനൽകൽ- ചെലവുതുക പാഴായി.

പ്രൊജക്ട് നമ്പർ- 112/18

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

വകയിരുത്തിയ തുക- 2750000/- രൂപ

ചെലവുതുക - 250000/- രൂപ (ബിൽ നമ്പർ-20/18-19 തി 11.10.18 -100000

തനത് ഫണ്ട്. 150000/- രൂപ (order no 388/31.3.19)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണ സാമഗ്രികളായ വാതിൽ കട്ടില,ജനൽ,സിമന്റ് ബ്രിക്സ് എന്നിവ നിർമ്മിച്ച് ലൈഫ് മിഷൻ സമ്പൂർണ പാർപ്പിട പദ്ധതിയിൽപെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത അവിദഗ്ധ വനിതാ തൊഴിലാളികൾക്കിടയിൽ നിന്നും 25 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് വിദഗ്ധ പരിശീലനം നൽകുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തതാണ് ഈ പ്രൊജക്ട്. M.N.R.E.G.S. പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പ്രൊജക്ടിന് തൊഴിൽ പരിശീലനത്തിന് പദ്ധതിവിഹിതം/തനത് ഫണ്ട് എന്നിവയും മെറ്റീരിയൽ, തൊഴിലാളികളുടെ കൂലി, വർക്ക്ഷെഡ് നിർമ്മാണം എന്നിവക്ക് M.N.R.E.G.S.ഫണ്ടുമാണ് വകയിരുത്തിയത്. ജില്ലാപ്ലാനിംഗ് ഓഫീസറുടെ പ്രത്യേക അനുമതിയോടുകൂടി നടപ്പിലാക്കിയ പ്രൊജക്ടിന് സർക്കാർ അംഗീകൃതസ്ഥാപനമായ സെന്റർഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് തിരുവനന്തപുരം എന്ന സ്ഥാപനത്തിനെയാണ് പരിശീലനത്തിനായി തെരഞ്ഞെടുത്തത്. 16.3-18 ൽ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി 25 പേർക്ക് 1 മാസം നീണ്ടുനിൽക്കുന്ന പരിശീലനത്തിനായി സെന്റർഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് തിരുവനന്തപുരം എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും. ആയതിന്റെ അടിസ്ഥാനത്തിൽ മാസങ്ങൾക്ക് ശേഷം 1.10.18 ൽ അഡ്വാൻസ് ഇനത്തിൽ മേൽ ബിൽ പ്രകാരം 100000/- രൂപ പിൻവലിച്ച് സ്ഥാപനത്തിന് നൽകുകയുംചെയ്തിട്ടുണ്ട്. പരിശീലനത്തിനുള്ള പ്രാഥമിക നടപടി എന്ന നിലയിൽ 5ാം വാർഡിലെ 18 ഗുണഭോക്താക്കളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചുകാണുന്നു. എന്നാൽ സ്ഥാപനം ഗുണഭോക്താക്കൾക്ക് പരിശീലനം നൽകിയതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പരിശീലനത്തിന് കരാറിലേർപ്പെട്ട സ്ഥാപനത്തിന് അവശേഷിക്കുന്ന 150000/- രൂപ 31.3.19 ന് പിൻവലിച്ച് നിർവഹണ ഉദ്യോഗസ്ഥൻ കൈമാറിയിട്ടുണ്ട്. പരിശീലനം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽതന്നെ ആയതിന്റെ തുടർ പ്രവർത്തനമായ കെട്ടിടനിർമ്മാണ സാമഗ്രികളുടെനിർമ്മാണത്തിന് ആവശ്യമായ തുടർ നടപടികൾക്കൊന്നും തന്നെ 19-20 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തി ചെലവഴിച്ചതായി കാണുന്നില്ല. തുടർ പ്രവർത്തനങ്ങളില്ലാത്തതിനാൽ പരിശീലനത്തിനായി വകയിരുത്തി ചെലവഴിക്കപ്പെട്ട 250000/- രൂപ പഞ്ചായത്തിന് പാഴ്ചെലവായി മാറിയിരിക്കയാണ്. ആവശ്യമായ മുന്നൊരുക്കമില്ലാതെ പണം പരീശീലന സ്ഥാപനത്തിന് ട്രാൻസ്ഫർ ചെയ്ത് പഞ്ചായത്ത് ഫണ്ട് പാഴാക്കിയതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് പരിശീലനത്തിനായി തുക

അടവാക്കിയിട്ടും പരിശീലനം നൽകിയിട്ടില്ലാത്തതിനാലും, കെട്ടിട സാമഗ്രികളുടെ നിർമ്മാണത്തിന് തുടർപ്രൊജക്ടുകൾ ഇല്ലാത്തതിനാലും ചെലവുതുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 250000/- രൂപ ഉത്തരവാദപ്പെട്ട സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല.

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവർത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽനിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായികാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി.നമ്പർ, തിയ്യതി. | ടി.എസ്സ്കാ രം പ്രവർത്തി പൂർത്തീകരണ കാലയളവ്. സൈറ്റ്കൈമാറിയ തിയ്യതി | പ്രവർത്തി പൂർത്തീകരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീ കരണം വൈകിയ കാല യളവ് | ഈടാക്കേണ്ട പിഴ പി. എ .സി തുകയുടെ ശതമാന ത്തിൽ | പിഴ (രൂ) |
|---|---|---|---|---|---|---|---|---|
| 1 | 135/18-19 നടുവണ്ണൂർ അങ്കണവാടി അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തൽ | 643013 (നോൺറോഡ് മെയിന്റ നൻസ് ഫണ്ട് -343013, ധനകാര്യ കമ്മീഷൻ അവാർഡ്-300000) ബിൽനം. 51,52/15.3.18 | ശ്രീ.പി.കെ.പ്രകാശൻ 22/17-18/ 07.02.18 | 3 മാസം 07.02.18 | 08.02.2019 എം.ബുക്ക് (245/16-17) കരാർകാലാവധി കഴിഞ്ഞ് 24.09.18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 753974 രൂപ യുടെ 3% | 22619 |
| 2 | 119/18-19 ആഞ്ഞോളി ത്താഴ ശ്മശാനം റോഡ് പുനരുദ്ധാരണം | 297764 (റോഡ് മെയിന്റനൻസ് ഫണ്ട് 200000,തനത് ഫണ്ട്-97764) ബിൽനം. 53/15.03.19, ചെക്ക്-1731324/ 21.03.19 | ശ്രീ.ഡി.എം. കുഞ്ഞിക്കണ്ണൻ 09/118-19/ 23.04.18 | 6 മാസം 23.04.18 | 23.02.2019 എം.ബുക്ക് (142/18-19) കരാർകാലാവധി കഴിഞ്ഞ് 28.01.19 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 400000രൂപ യുടെ 3% | 12000 |
| 3 | 137/18-19 പഞ്ചായത്ത് ഓഫീസ് റെക്കോഡ് റൂം സൗകര്യപ്പെടുത്തൽ ഓഫീസ് പെയിന്റിങ്ങ് | 413038 (തനത് ഫണ്ട്) ചെക്ക് നം. 1731309/ 06.02.19 | ശ്രീ.പി.കെ പ്രകാശൻ 23/17-18/ 07.02.18 | 3മാസം 07.02.18 | 05.01.2019 എം.ബുക്ക് (244/16-17) കരാർകാലാവധി കഴിഞ്ഞ് 15.10.18 നാണ് പ്രവർത്തി തുടങ്ങിയത്. | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 530033.91 രൂപ യുടെ 3% | 15901 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | 05.11.18ൽ റിവൈസ് ചെയ്തു | | | |
| 4 | 124/18-19 ഉട്ടുമ്പ്രമല കോളനി പുതിയോട്ടിൽ പാറ കൾവർട്ട് | 200000 (തനത് ഫണ്ട്) ചെക്ക് നം .1449044/ 05.12.2018 | ശ്രീ.കെ.വി മുഹമ്മദ് അഷറഫ് 27/17-18/ 03.03.18 | 6മാസം 03.03.18 | 26.11.2018 എം.ബുക്ക് (129/18-19) കരാർകാലാവധി കഴിഞ്ഞ് 15.10.18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 200000രൂപയുടെ 3% | 6000 |
| 5 | 119/18-19 ആഞ്ഞോളി ത്താഴ ശ്മശാനം റോഡ് | 297764 (റോഡ് മെയിന്റനൻസ് ഫണ്ട് -200000 തനത് ഫണ്ട് 97764) ബിൽനം. 53/15.03.19 /ചെക്ക്- 1731324/ 21.03.19 | ശ്രീ.ഡി.എം. കഞ്ഞിക്കണ്ണൻ 09/17-18/ 23.04.18 | 5 മാസം 23.04.18 | 23.02.2019 എം.ബുക്ക് (142/18-19) കരാർകാലാവധി കഴിഞ്ഞ് 28.01.2019 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 300000രൂപയുടെ 3% | 9000 |
| 6 | 146/18-19 പീറ്റയുള്ളതിൻമുക്ക് ഇല്ലത്ത് താഴ റോഡ് പുനരുദ്ധാരണം | 129298 (എം.ജി. റോഡ് ഫണ്ട്) ബിൽ നം2/ 19.05.2018 | ശ്രീ.ദിലീഷ്. കെ.കെ 30/16-17/ 29 .03.2017 | 4 മാസം 29.03.2017 | 27.03.2018 എം.ബുക്ക് (226/18-19) കരാർകാലാവധി കഴിഞ്ഞ് 15.11.2017 ൽ പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനോട് വിശദീകരണം ചോദിച്ചെങ്കിലും നടപടിയൊന്നും എടുത്തിട്ടില്ല .12.03.2018 നാണ് പ്രവർത്തി തുടങ്ങിയത്. | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 300000 രൂപ യുടെ 3% | 9000 |
| | | | | | | | ആകെ | 74520 |

മേൽ പ്രവർത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവർത്തി കലണ്ടർ ഇല്ല. ടിഎസ് സ്ലിപ്പ്, ടെണ്ടർ നോട്ടീസ് എന്നിവ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധി യാണ് ചേർത്തിട്ടുള്ളത്. 1.2.2012 തിയ്യതിയിലെ

ജി.ഒ. (പി)13/2012/പി.ഡബ്ള്യു.ഡി കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം.പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട് .ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാന്വൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്ത വണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധിക രിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവർത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. സൈറ്റ് കൈമാറി വളരെക്കാലം കഴിഞ്ഞാണ്. പ്രവർത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീ കരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്

സെക്ഷൻ 2005 പ്രകാരം site കൈമാറുന്ന തീയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എ.ഇ മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ .ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 19/2018-19. 26.02 2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 74520 ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-3 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജിഒ.(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമ രാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കി ക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി. കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധന കളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പിഎസിയുടെ1% ഫൈൻ തുക |
|---|---|---|---|---|
| 1. | ആയുർവ്വേദ ആശുപത്രി അടിസ്ഥാന സൗകര്യമൊരുക്കൽ 132/19 (ബിൽ 19/ 18-19/15.11.18- 489000/-ചെക്ക് നം- 711334/13.11.18 - 195348) കരാർ തുക 699166.62 | 15.12.17 | AE/LSGD/NDR/24/ 17-8 / 07.02.2018 ശ്രീ.ഗോപാൻ.കെ | 6991/- |
| 2 | നടുവണ്ണൂർ വാകയാട് റോഡ് പുനരുദ്ധാരണം 130/19 (ബിൽ 13/ 18-19/14.08.18 ,493816/-) കരാർ തുക 497926 | 28.11.17 | AE/LSGD/NDR/06/ 17-8 / 26.12.17ശ്രീ.സുരേഷ് .ടി | 4979/- |

| | | | | |
|---|---|---|---|---|
| 3 | മാത്തിൻ കുഴി വില്ലുന്നി മല ലക്ഷം വീട് റോഡ് മെറ്റലിങ്ങ് 128/19 (ബിൽ 08/ 18-19/ 31.07.18 , 459560/-) കരാർ തുക 499183.32 | 30.12.2017 | AE/LSGD/NDR/17/17-18 / 07.02.2018 ശ്രീ.ടി.സുരേഷ് | 4991/- |
| 4 | സി.എച്ച് റോഡ് മുതൽ കോട്ടൂർ പഞ്ചായത്ത് റോഡ് വരെ സോളിങ്ങ് മെറ്റലിങ്ങ്, ടാറിങ്ങ് 97/19 (ബിൽ 36/ 18-19/28.12.18 ,495000/-) കരാർ തുക 495000 | 25.06.18 | AE/LSGD/NDR/24/ 18-19 / 28.12.18 ശ്രീ.ശ്രീനാഥ്.എം.സി | 4950/- |
| 5 | പൈങ്കിലാട്ട് താഴെ തയ്യുള്ളതിൽ മുക്ക് റോഡ് 50/19 (ബിൽ 30/ 18-19/12.12.18 ,495000/-) കരാർ തുക 495000 | 25.06.18 | AE/LSGD/NDR/23/ 18-19 / 19.09.18 ശ്രീ.ശ്രീനാഥ്.എം.സി | 4950/- |
| 6 | പള്ളിയത്ത് പൊയിൽ അലേമ്പ്ര വെങ്ങിലേരി റോഡ് 61/18-19(ബിൽ 47/15.03.19,495000/-) കരാർതുക 495000 | 25.06.18 | AE/LSGD/NDR/18/ 18-19 / 05.09.18 ശ്രീ.കെ.കെ.അബു | 4950/- |
| | | | ആകെ | 31811 |

മേൽ കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്ക പ്പെടുകയോ ചെയ്തിട്ടില്ല. കൂടാതെ പ്രവർത്തി ഫയലുകളിലധികവും ചിലതിൽ സെലക്ഷൻ നോട്ടീസ് വെച്ചിട്ടില്ലാത്തതിനാലും ചിലതിൽ സെലക്ഷൻ നോട്ടീസിൽ തീയ്യതി എഴുതിയിട്ടില്ലാത്തതിനാലും സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 14/2018-19. 26.02.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 31811 രൂപ കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.07.2019 മുതൽ 16.07.2019 വരെ | നമ്പർ കെ.എസ്.എ.കെ.കെ.ഡി/ഇ.2/887/2019(44), തിയ്യതി: 03.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | തുക | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 175000 | സമഗ്ര നെല്ല് കൃഷി | 175000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 386575 | പോഷകാഹാരം | 94473 | 292102 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | പാലിന് ഇൻസെന്റീവ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 141250 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 141250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | പാലിന് ഇൻസെന്റീവ്-വനിത | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | പാലിന് ഇൻസെന്റീവ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 210000 | സമഗ്ര നെല്ല് കൃഷി | 210000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 150000 | ക്ഷീര ഗ്രാമം വനിത | 150000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1789560 | ലൈഫ് ഹൌസിംഗ് സ്കീം | 1750000 | 39560 |
| ജില്ലാപഞ്ചായത്ത് | 2018-19 | 282500 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 282500 | |
| ജില്ലാപഞ്ചായത്ത് | 2018-19 | 1000000 | ബഡ്സ് സ്കൂൾ | 0 | 1000000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ ചെക്ക്നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജലസേചന വകുപ്പ് | നടുവണ്ണൂർ കനാൽ റോഡ് | 21700983 | 300000 | 0 | 300000 |
| ജലസേചന വകുപ്പ് | മൃഗാശുപത്രി കല്ലറതാഴെ ഉട്ടമ്പ്ര റോഡ് | 21700984 | 300000 | 0 | 300000 |
| ജലസേചന വകുപ്പ് | ഇളയിടത്ത്താഴെ കോക്കരമീത്തൽ റോഡ് | | 495000 | 0 | 495000 |
| കെ.എസ്.ഇ.ബി നടുവണ്ണൂർ | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | | 22416 | 0 | 22416 |
| ഭൂജല വകുപ്പ് | വില്ലുന്നിമല കോമൺ ഫെസിലിറ്റി സെന്റർ | | 40330 | 0 | 40330 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്തവായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ | | 17973980 | 0 | 0 | 0 | 17973980 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1730254 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1730254 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം ബാക്കിയുള്ള സ്ഥിര നിക്ഷേപം | 1730254 |
| ആകെ | 1730254 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ.ഡി.സി ബാങ്ക്, നടുവണ്ണൂർ | 1730254 |
| ആകെ | 1730254 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീറ്റ് നമ്പർ / തീയതി |
|---|---|---|---|---|
| 2008-09 | ഖണ്ഡിക 30 & 33 | 2827 | എം.സി.ചന്ദ്രൻ,റി.സെക്രട്ടറി | 118040100882 തീ.05/06/2018 |
| 2008-09 | ഖണ്ഡിക 28 | 130 | എം.സി.ചന്ദ്രൻ,റി.സെക്രട്ടറി | 1180 40100883 തീ. 05/06/2018 |
| | ആകെ | 2957 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 31 | 2003-04 | പൊതുപരാമർശം -7 | കാലഹരണപ്പെട്ട നികുതി കുടിശ്ശികയുടെ വിവരം |
| 1999-00 | 35 | 2003-04 | പൊതുപരാമർശം -5 | വീട് നിർമ്മിച്ചത് സംബന്ധിച്ച രേഖകളില്ല. |

| | | | | |
|---|---|---|---|---|
| 2000-01 | 2-5 | 2004-05 | പൊതുപരാമർശം -3 | നികുതിപിരിവിൽ അലംഭാവം-കുടിശ്ശിക പെരുകുന്നു |
| 1999-00 | - | 2003-04 | മറ്റ് പരാമർശം- 11.14 | പൂർത്തീകരിക്കാത്ത പദ്ധതികൾ |
| 2000-01 | - | 2003-04 | മറ്റ് പരാമർശം- 11.14 | ചെങ്ങോട്ടുപാറ-കിഴക്കോറ്റ കടവ് റോഡ് |
| 2000-01 | - | 2003-04 | മറ്റ് പരാമർശം- 11.14 | എൽ.പി സ്കൂളിന് ലൈബ്രറി ബുക്ക് |
| 2008-09 | 3-9 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്ക്- കാലതാമസം. |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 30,31, 32,33 | എം.സി. ചന്ദ്രൻ, സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | LF.2169 /Spl. Cell Dt. 01.08.2002 | 9531 | - | | | | 0 | 9531 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 116699327 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 99763213 |
| വരവിനങ്ങളിലുള്ള നഷ്ടം | 9354 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 356331 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1917854 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 9354 | | ഷിജു.എൽ.എൻ, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-1 | | 250000 | ഷിജു.എൽ.എൻ, സെക്രട്ടറി |
| 3-2 | | 74520 | രെഞ്ചു സുരേന്ദ്രൻ അസി.എഞ്ചിനിയർ |
| 3-3 | | 31811 | രെഞ്ചു സുരേന്ദ്രൻ അസി.എഞ്ചിനിയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 595000 | നന്ദിത. വി.പി, കൃഷി ഓഫീസർ |
| 1-17 | 70000 | ഡോ.സുബീഷ്.പി.എം, വെറ്റിനറി സർജൻ |
| 1-18 | 37000 | ഡോ.സുബീഷ്.പി.എം, വെറ്റിനറി സർജൻ |
| 1-19 | 300416 | ഷിജു.എൽ.എൻ, സെക്രട്ടറി |
| 1-19 | 40330 | സബീന. കെ.പി. അസി. സെക്രട്ടറി |
| 1-21 | 293820 | രാജൻ.ഒ.എം, ഹെഡ് മാസ്റ്റർ |
| 1-22 | 495000 | രെഞ്ചു സുരേന്ദ്രൻ അസി.എഞ്ചിനിയർ |
| 1-24 | 86288 | രാജൻ.ഒ.എം, ഹെഡ് മാസ്റ്റർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷിജു.എൽ.എൻ, സെക്രട്ടറി | സെക്രട്ടറി, നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | പുതുക്കുടി വീട്, പനങ്ങാട് പി.ഒ, 673612 |
| രെഞ്ചു സുരേന്ദ്രൻ അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | വൃന്ദാവനം, വട്ടോളിബസാർ പി.ഒ, ബാലുശ്ശേരി |
| ഡോ.സുബീഷ്.പി.എം, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | പളിയക്കുന്നുമ്മൽ മീത്തൽ, കണ്ണങ്കര പി.ഒ, ചേളന്നൂർ |
| നന്ദിത വി.പി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | തൃക്കോവിൽ, മോരിക്കര,കക്കോടി 673611 |
| രാജൻ.ഒ.എം, ഹെഡ് മാസ്റ്റർ | റിട്ടയേഡ് | ശ്രീപദം,കൽപ്പത്തൂർ, കോഴിക്കോട്, 673524 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി.10/236/12(6) /06.03.12 | 5 | 26,28,30,32,33 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(2) /02.06.12 | 2 | 51,54 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(3) /02.06.12 | 3 | 31,34,35 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(4) /02.06.12 | 2 | 8,11 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.10/1018/14(1) /30.08.14 | 2 | 2-1,3-7 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(5) /02.06.12 | 1 | 3-8 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(6) /02.06.12 | 1 | 3-6 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(7) /02.06.12 | 0 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(8) /02.06.12 | 5 | 3-1,3-6,3-7,3-15,3-16 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.10/1018/14(2) /30.08.14 | 24 | 2-1,3-5,3-6,3-7,3-9,3-10, 3-11,3-12,3-15 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.10/1018/14(3) /30.08.14 | 8 | 2-3,3-1,3-3,3-5,3-6, 3-7,3-10,3-11 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.10/1018/14(4) /30.08.14 | 23 | 2-8,2-10,2-12,3-4,3-5, 3-6,3-7,3-8,3-9,3-10,3-12, 3-13,3-14 a, 3-14 b, 3-15, 3-16 A, 3-16 B, 3-19, 3-22, 3-23, 3-24, 3-25, 3-28, 3-29. |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി.10/855/13 /18.07.13 | 18 | 2-5,2-6,2-7,2-8, 2-9, 2-10, 3-1, 3-2,3-3, 3-5, 3-6,3-8,3-9,3-10, 3-13,3-15,3-16, 3-18,3-22,3-23, 3-25, 3-26, |
| 2010-11 & 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.10/11117 /14/30.12.14 | 20 | 1-5,1-6,2-1,2-3,2-4,3-2,3-3, 3-6,3-7,3-8,3-9,3-10, 3-11, 3-12,3-13,3-14,3-15, |

| | | | |
|---|---|---|---|
| | | | 3-16,3-17. |
| 2012-13 & 2013-14 | എൽ.എഫ്.കെ.കെ.ഡി/പി.10/2138/15 /19.12.15 | 16 | 2-2,2-3,3-1,3-2,,3-3,3-7, 3-8,3-6, |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി.10/1055/16 /15.06.16 | 12 | 2-1,2-2,2-3, 3-1,3-2,3-3, 3-4,3-5,3-6,3-7, |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.10/2045/16 /21.11.16 | 19 | 2-1,3-1 മുതൽ 3-9 വരെ, 3-11 മുതൽ 3-18 വരെ |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.10/1946/17 തീയതി16.02.2018 | 9 | 2-1(4), 3-3, 3-4, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി.10/911/19 തീയതി26.07.2019 | 10 | 2-3,2-5,2-6,2-7,2-9,3-1(1), (3),(4), 3-2,3-5, 3-6,3-8 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# <u>അനുബന്ധം 1</u>

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

നം കെ.എസ്.എ.കെ.കെ.ഡി.പി.8/296/2020 തീയ്യതി: 06.03.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **നടുവണ്ണൂർ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.